# ഹൃദയം
# ഒരു പഠനം

## THE HEART - A STUDY

*Hazrat Khalifathullah Munir Ahmad Azim*

ഹസ്രത് ഖലീഫത്തുല്ലാഹ്, മുഹ്‌യിദ്ദീൻ മുനീർ അഹ്‌മദ് അസീം (അ) അവർകൾ ഹൃദയത്തെക്കുറിച്ച് നടത്തിയ ജും ആ ഖുത്തുബകളുടെ പരിഭാഷ 8 പാർട്ടുകളായി മലയാളികൾക്കു മുമ്പിൽ ഞങ്ങൾ അവതരിപ്പിക്കുന്നു. ഇതിൽ ഹൃദയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, അതിന്റെ രോഗങ്ങളെക്കുറിച്ചും അതിന്റെ പ്രതിവിധികളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഓരോ മനുഷ്യനും ഇത് വായിക്കുവാനും, ഹൃദയരോഗ ചികിത്സ നടത്തുവാനും സംശുദ്ധമായ ജീവിതം നയിക്കുവാനും ആഹ്വാനം ചെയ്യുന്നു.

ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം കേരളാ സൗത്ത് സോണിനുവേണ്ടി
R. ജമാലുദ്ദീൻ റാവുത്തർ, അമീർ
Pho. 0475 - 2220223 / 9447001832 / 9495207982

# PREFACE

***In the name of Allah, Most Gracious, Ever Merciful***

*As a vital organ of the human body, heart is at the centre of all human affairs. The choices and decisions that individual adopt for themselves and others on all vital matters often depend upon the emotions ingrained in, and thoughts brooded over, the heart. Islam, as the religion that is sensitive to human nature and the progress of the human soul, theorises that the attainment of Divine inspirations and the consequent illumination of the human soul, is possible through purification of the human heart. In a recent series of Friday Sermons, the Khalifatullah Hadhrat Munir Ahmad Azim Sahib (atba) of Mauritius provided an illuminating exposition on this subject of profound of spiritual importance and practical significance for all believers in their everyday lives. Drawing upon the inherent Divine wisdom encompassed on Qur'anic verses and the prophetic traditions, the Khalifatullah (atba) unravels the various aspects and dimensions of the subject- from the diverging conditions of human hearts to the passions and trials induced by Shaytan and also the ways for the attainment of purity of heart and the rewards for the Believers both in the present life and in the life to come.*

*For the benefit of all readers in search of spiritual verities and subtle points of Divine Wisdom, we bring together this series of eight Friday Sermons as one collection.*

*- on behalf of jamaat-ul-sahih-al-islam, kerala south zone*

*R. JAMALUDIN RAOTHER, AMIR*

# *PART - 1*

സലാമിനും തശഹ്ഹുദ്, അഅവ്വദ്, സൂറ: അൽഫാതിഹായ്ക്കും ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു. അല്ലാഹു (ത) മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും നല്ല നിലയിലാണ്. അല്ലാഹുവിൽ നിന്നുള്ള ജ്ഞാനം കരസ്ഥമാക്കുവാനുള്ള കഴിവുള്ളതിനാൽ, മനുഷ്യനാണ് അല്ലാഹുവിന്റെ സമുന്നതനായ സൃഷ്ടി. ഈ ജ്ഞാനം കരഗതമാകുന്നത് ഹൃദയത്തിലൂടെയാണ്. അല്ലാഹുവിന്റെ അറിവ് ഹൃദയത്തിനുണ്ട്. അല്ലാഹുവിന്റെ സമീപ സ്ഥിതി നേടുവാൻ അത് കഠിനാധ്വാനം ചെയ്യുന്നു. മറ്റെല്ലാ അവയവങ്ങളും ഹൃദയ സേവനത്തിൽ സേവനം ചെയ്യുന്ന അനുയായികൾ മാത്രമാണ്. അല്ലാഹു അല്ലാത്തതിൽ നിന്നും ഹൃദയത്തെ സംരക്ഷിച്ചാൽ- അതായത് അല്ലാഹുവിൽ നിന്നും അകറ്റുന്ന ആളുകളിൽ നിന്നും സാധനങ്ങളിൽ നിന്നും - അല്ലാഹു അത് സ്വീകരിക്കുന്നതാണ്. അല്ലാഹു അല്ലാത്തതിനോട് ബന്ധപ്പെടുത്തി ഹൃദയം നിന്നാൽ അല്ലാഹു (ത) അത് നിരസിക്കുന്നതാണ്. ഹൃദയ ശുദ്ധീകരണത്തിനായി പ്രയത്നിച്ചാൽ, അല്ലാഹുവിന്റെ തൃപ്തി നേടുന്നു. മറിച്ച് പ്രവർത്തിച്ചാൽ ഹൃദയം പാപപങ്കിലവും അനുസരണ ഇല്ലാത്തതുമായി മാറുന്നു. ആ പ്രവൃത്തി നിരസിക്കപ്പെടുകയും, പ്രയാസം ഉളവാക്കുന്നതായി മാറുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ, ഹൃദയമാകുന്നു അല്ലാഹുവിനെ അനുസരിക്കുന്നത്. പ്രവർത്തനങ്ങളും, ആരാധനകളും ഹൃദയത്തിന്റെ അനുസരണത്തിന്റെ ഫലങ്ങളാകുന്നു. ശരീ അത്തിന്റെ പരിധികളെ അതി ലംഘിക്കുന്നത് ഹൃദയമാകുന്നു. ഹൃദയത്തിന്റെ പരിധി ലംഘനങ്ങളുടെ ഫലം മനുഷ്യന്റെ പ്രവർത്തനങ്ങളുടെ പരിധി ലംഘനങ്ങളായി മാറുന്നു. മനുഷ്യൻ തന്റെ ഹൃദയത്തെ അംഗീകരിക്കുന്നുവെങ്കിൽ, അവനെ അവൻ സ്വയം അംഗീകരിക്കുന്നുവെന്നർത്ഥം. അവന്റെ ഹൃദയത്തെ അംഗീകരിക്കുന്നതിൽ അവൻ പരാജയപ്പെട്ടാൽ, അവൻ തന്നെ അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്നു എന്നർത്ഥം. അതിലൂടെ അല്ലാഹു (ത) യെ അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്നു. ദൗർഭാഗ്യവശാൽ ധാരാളം ആളുകൾ നഫ്സിനെയും ഹൃദയത്തെയും കുറിച്ച് അജ്ഞരാണ്.

അല്ലയോ മുസ്ലീം സഹോദരി സഹോദരന്മാരേ ! നമ്മുടെ ഹൃദയങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ കരങ്ങളിലാണ്. അവൻ ഇച്ഛിക്കുന്ന നിലയിൽ അതിനെ അവൻ തിരിക്കുന്നു. അവൻ ഉദ്ദേശിക്കുന്നത് ഹൃദയത്തിൻ നൽകുന്നു, അവൻ ഉദ്ദേശിക്കുന്നത് ഹൃദയത്തിൽ നിന്നും നീക്കം ചെയ്യുന്നു. **അല്ലാഹു (ത) പറയുന്നു. എന്നാൽ അല്ലാഹു സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് ആകർഷകമാക്കുകയും ചെയ്തിരിക്കുന്നു. (49:8)**

**ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുന്നതായാൽ അവന്റെ ഹൃദയത്തെ അല്ലാഹു നേർവഴിയിലാക്കും. (64:12)**

**അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കുകയും ചെയ്തു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കമുണ്ടാക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവർക്കിടയിൽ ഇണക്കമുണ്ടാക്കിയിരിക്കുന്നു. (8:64)**

അധ്യായം 8 വചനം 64 ൽ അറബികളുടെ അവസ്ഥയാണ് വിശദീകരിച്ചിട്ടുള്ളത്. അറബികളുടെ ഹൃദയങ്ങൾ അസൂയ, പ്രാദേശിക വികാരം, ഞാനെന്ന ഭാവം തുടങ്ങിയ ദുർഗുണങ്ങളാൽ രൂഢമൂലമായിരുന്നു. നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യെ അല്ലാഹു (ത) അവിടെ നിയോഗിക്കുകയും അവരെ ഇസ്ലാമിക വിശ്വാസത്തിലേക്ക് കൊണ്ടുവരുകയും, വിശുദ്ധ പ്രവാചകരുടെ അധ്യാപനങ്ങൾ അവർ പിൻ പറ്റുകയും ചെയ്തു. ഇതുമൂലം അവരുടെ ഹൃദയങ്ങളിൽ സ്നേഹവും ഐക്യവും വളർന്നു വന്നു. തെറ്റായ മുൻ വിധികൾക്കും അസൂയക്കും പകരം സ്നേഹവും സാഹോദര്യവും നാമ്പിട്ടു. മനുഷ്യരുടെ ഹൃദയങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ കരങ്ങളിലാണ് എന്നതിന് ഇത് മതിയായ തെളിവ് തന്നെയാണ്. അവൻ ഉദ്ദേശിക്കുന്ന ദിശയിലേക്ക് അവൻ അതിനെ തിരിക്കുന്നു. ഗുഹാ നിവാസികളുടെ ഹൃദയങ്ങളിൽ സഹന ശക്തിയും ക്ഷമയും പ്രദാനം ചെയ്തത് അല്ലാഹു മാത്രമാണ്. അവരുടെ ഭവനങ്ങളിലെ സുഖവും സന്തോഷവും അവർ ത്യജിച്ചു. അവരുടെ ദീൻ സംരക്ഷണാർത്ഥം അവർ ഗുഹയിൽ അഭയം തേടി. **അല്ലാഹു (ത) പറയുന്നു. നാം അവരുടെ ഹൃദയങ്ങളെ ഉറപ്പിച്ചു നിർത്തി, അവർ ദൃഢ തരത്തിൽ പറഞ്ഞപ്പോൾ (തങ്ങളുടെ നാട്ടിൽ നിന്ന് പുറത്തു പോകുന്നതിനായി ) അവർ എഴുന്നേറ്റപ്പോൾ നാം അവരുടെ ഹൃദയങ്ങളെ ബലപ്പെടുത്തി. അപ്പോൾ അവർ (അന്യോന്യം) പറഞ്ഞു. നമ്മുടെ നാഥൻ ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനാ**

**ണ്. നാം അവനെ കൂടാതെ മറ്റൊരു ദൈവത്തെയും ഒരിക്കലും വിളിച്ച് പ്രാർത്ഥിക്കുകയില്ല. അങ്ങനെ നാം ചെയ്തെങ്കിൽ നാം അതിര് കവിഞ്ഞ വാക്കു പറഞ്ഞവരായിതീരും. (18:15)**

അവരുടെ സംഭാഷണം താഴെപ്പറയുന്ന നിലയിൽ അല്ലാഹു (ത) വിവരിക്കുന്നു. **അവരെയും അല്ലാഹുവിനെ കൂടാതെ അവർ ആരാധിക്കുന്ന വസ്തുക്കളെയും നിങ്ങൾ വിട്ടുമാറിയ സ്ഥിതിക്ക് നിങ്ങൾ ഗുഹയിലേക്ക് അഭയം തേടുക. നിങ്ങളുടെ നാഥൻ നിങ്ങൾക്ക് അവന്റെ കാരുണ്യത്തിന്റെ (വല്ല മാർഗ്ഗവും) തുറന്നു തരുകയും നിങ്ങളുടെ (ഈ) കാര്യത്തിൽ നിങ്ങൾക്ക് അവൻ സൗകര്യം ഒരുക്കി തരുകയും ചെയ്യും. (18:17)**

അല്ലാഹു (ത) യെ സ്നേഹിക്കുന്നവരെ സംബന്ധിച്ചു പറയുന്നു. **അല്ലാഹുവിലും അന്ത്യനാവിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനെയും അവന്റെ ദൂതനെയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല. അവർ സ്വപിതാക്കളോ, സ്വസന്താനങ്ങളോ, സ്വസഹോദരങ്ങളോ, സ്വകുടുംബ ബന്ധുക്കളോ ആയാലും ശരി. അത്തരക്കാരാകട്ടെ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതി വെയ്ക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴ്വാരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത വാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ചു തൃപ്തനായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക. അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ (58:23)**

മുസ്ലീംകൾക്കെതിരെ യുദ്ധം ചെയ്യുവാൻ ഒരുമിച്ചുകൂടിയ മുഷ്രിക്കീങ്ങളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **അല്ലാഹു ഏതൊന്നിനെ സംബന്ധിച്ച് യാതൊരു തെളിവും ഇറക്കിയിട്ടില്ലയോ അതിനെ അല്ലാഹുവിന് അവർ പങ്കാളികളാക്കി വച്ച കാരണത്താൽ അവിശ്വാസികളുടെ ഹൃദയങ്ങളിൽ നാം ഭയം ഇട്ടു കൊടുക്കും. അവരുടെ സങ്കേതം നരകമത്രെ. അക്രമികളുടെ വാസസ്ഥലം എത്രയും ദുഷിച്ചതുതന്നെ. (3:152)**

വിശുദ്ധ ഖുർആനെ അംഗീകരിക്കാതെ നിരസിച്ച അവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. എന്നാൽ, അവർ ഈ ഖുർആനെ കുറിച്ച് ചിന്തിക്കുന്നില്ലേ ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ പൂട്ടപ്പെട്ടു പോയോ ?

ഹസ്രത് മുഹമ്മദ് (സ) ഈ ഖുർ ആനിക വചനം ഓതിയപ്പോൾ യമനിലെ ഒരു യുവ സഹാബി പറഞ്ഞതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. അവരുടെ ഹൃദയങ്ങളെ അല്ലാഹു സീലു വെച്ചിരിക്കുന്നു. അല്ലാഹു ആ സീൽ നീക്കം ചെയ്യുന്നതു വരെ അതവിടെ തുടരുന്നതാണ്. ഹസ്രത് ഉമർ (റ) ഈ യുവ സഹാബിയെ മനസ്സിൽ സൂക്ഷിച്ചിരുന്നു. ഹസ്രത് ഉമർ (റ), ഖലീഫ ആയപ്പോൾ ഈ സഹാബിയുടെ സേവനം തന്റെ സർക്കാരിനുവേണ്ടി ആവശ്യപ്പെട്ടിരുന്നു. **അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. അതിനാൽ ആരെയെങ്കിലും നേർമാർഗ്ഗത്തിൽ വഴി നടത്തുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ അവന്റെ ഹൃദയത്തെ ഇസ്ലാം സ്വീകരിക്കുന്നതിനായി അവൻ വികസിപ്പിച്ചു കൊടുക്കുന്നതാണ്. അവനെ വഴിതെറ്റിക്കുന്നതിന് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ ഇടുങ്ങിയതും സങ്കുചിതവുമാക്കിതീർക്കുന്നു. അവൻ ഉയരത്തിലേക്ക് (സാഹസപ്പെട്ട്) കയറിപോകുന്നതു പോലെ. ഇപ്രകാരം വിശ്വസിക്കാത്തവരുടെ മേൽ അല്ലാഹു ശിക്ഷയിറക്കുന്നതാണ്. (6:126)**

അല്ലാഹു (ത) ഒരാൾക്ക് ഹിദായത്ത് കൊടുക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ ഒരു പ്രകാശം അവന്റെ ഹൃദയത്തിൽ ഇട്ടുകൊടുക്കുന്നു. അപ്പോൾ അവൻ അത് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. മുകളിൽ പറഞ്ഞ ആയത്ത് ഇറങ്ങിയപ്പോൾ നബികരീം (സ) നോട് ചോദിച്ചതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹൃദയത്തെ വികസിപ്പിക്കുന്നത് സംബന്ധമായി നബികരീം (സ) മറുപടിയായി പറഞ്ഞു. അത് പ്രകാശത്തിന്റെ ഒരു ഇനമാണ്. വിശ്വാസികളുടെ ഹൃദയങ്ങളിൽ അല്ലാഹു (ത) അതിനെ സൃഷ്ടിക്കുന്നു. അങ്ങനെ അത് സത്യത്തിന്റെ ഒരു ദൃഷ്ടാന്തം സൃഷ്ടിക്കുന്നു. അതിന്റെ ഫലമായി സത്യം വേഗത്തിൽ സ്വീകരിക്കുവാൻ കഴിയും. അപ്പോൾ ചോദിക്കപ്പെട്ടു. ഈ ദൃഷ്ടാന്തങ്ങളുടെ അടയാളങ്ങൾ എന്തൊക്കെയാണ് ? **അപ്പോൾ ഹസ്രത് നബികരീം (സ) മറുപടി പറഞ്ഞു. പരലോകത്തേക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾക്ക് മുൻ ഗണന കൊടുക്കുകയും, ഇഹലോകത്തിലെ കാര്യങ്ങൾ ഒരു ഭാഗത്തേക്ക് മാറ്റിവെയ്ക്കുകയും ചെയ്യുന്നു. പ്രകാശത്തിന്റെ പ്രവേശനാടയാളങ്ങളാണത്. ഹസ്രത് മുഹമ്മദ് (സ) മിക്കപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. യാ! അല്ലാഹ് ! എന്റെ ഹൃദയത്തിൽ പ്രകാശം സൃഷ്ടിക്കേണമെ ! ആമീൻ.**

അല്ലാഹു (ത) പറയുന്നു. അവരുടെ ഹൃദയങ്ങളെയും കണ്ണുകളെയും നാം തിരിച്ചു കളയുന്നതാണ്. (6:111) തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നില്ക്കുന്നു എന്നറിയുക. (8:25) ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. ഒരിക്കൽ അല്ലാഹു മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ നിന്നാൽ, മനുഷ്യന് ഒരു വിശ്വാസിയോ അവിശ്വാസിയോ ആകുവാൻ കഴിയുകയില്ല. എന്നാൽ അല്ലാഹുവിന്റെ അനുവാദത്തോടെ ആകാവുന്നതാണ്. മുഹമ്മദ് (സ) പറഞ്ഞു. മനുഷ്യ ഹൃദയങ്ങൾ അല്ലാഹുവിന്റെ

ഇരുവിരലുകളുടെ നിയന്ത്രണത്തിലാണ്. അവൻ ഉദ്ദേശിക്കുന്ന ദിശയിലേക്ക് അതിനെ അവൻ തിരിക്കുന്നു. നബികരീം (സ) ഈ പ്രാർത്ഥന ചൊല്ലാറുണ്ടായിരുന്നു. അല്ലയോ ! ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനെ ! നിന്റെ മതത്തിൽ എന്റെ ഹൃദയത്തെ ഉറപ്പിച്ചു നിർത്തേണമെ ! ആമീൻ.

**ഒരു സഹാബി ചോദിച്ചു അല്ലയോ അല്ലാഹുവിന്റെ ദൂതരെ, അങ്ങ് കൊണ്ടു വന്ന എല്ലാ വിശ്വാസങ്ങളും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളെ സംബന്ധിച്ച് അങ്ങയ്ക്ക് എന്തെങ്കിലും ഭയമുണ്ടോ ? ഹസ്രത് മുഹമ്മദ് (സ) അതെ എന്നു മറുപടി പറയുകയുണ്ടായി. മനുഷ്യഹൃദയങ്ങൾ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. അവൻ ചിലരെ നേർപാതയിലും മറ്റു ചിലരെ തെറ്റായ പാതയിലും വിടുന്നു. ആയതിനാൽ നമ്മുടെ ഹൃദയങ്ങൾക്ക് ഹിദായത്ത് നല്കി രക്ഷിക്കുവാനും തെറ്റായ പാതയിലായിരിക്കാതിരിക്കുവാനും വേണ്ടി ദു ആ ചെയ്തുകൊണ്ടിരിക്കണം. അവന്റെ പ്രത്യേക അനുഗ്രഹങ്ങൾ നമ്മിൽ ചൊരിയാനായി നാം അർത്ഥിച്ചു കൊണ്ടിരിക്കണം. അവൻ അവന്റെ അനുഗ്രഹങ്ങളിൽ രാജകീയ പ്രൗഢി ഉള്ളവനാണ്.**

ഹസ്രത് മുഹമ്മദ് (സ) ന് ഹൃദയങ്ങളുടെ വിവിധ അവസ്ഥകളെക്കുറിച്ച് അറിവുള്ള ആളാണ്. ഹൃദയങ്ങൾ വിവിധ കാര്യങ്ങളിൽ വ്യാപരിക്കുന്നതുമാണ്. വളരെ പെട്ടെന്ന് ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥയിലേക്ക് മാറുന്നതാണ്. അതു പോലെ പ്രവാചക പ്രഭു (സ) ന് അറിയാവുന്നതാണ്, മനുഷ്യ ഹൃദയം പൂർണ്ണമായും അവന്റെ നിയന്ത്രണത്തിന് പുറത്തുള്ള കാര്യമാണ് എന്നും. ഹൃദയത്തിന്റെ ഈ അവസ്ഥ വളരെയധികം ഉൾക്കാഴ്ചയുള്ളവർക്കുമാത്രം ബോധ്യമാകുന്ന കാര്യമാണ്. ഹൃദയത്തിന്റെ അവസ്ഥകളെക്കുറിച്ച് ഗാഢമായി ചിന്തിക്കുന്നവർക്ക് മാത്രം കരസ്ഥമാക്കാവുന്ന അറിവുകളാണിവ. അല്ലാഹുവിനെ തന്റെ ബോധ്യത്തിലൂടെ നേടുവാൻ കഠിനമായി പരിശ്രമിക്കുന്നവർക്ക് ലഭിക്കുന്ന ജ്ഞാനാമൃതമാണിത്.

ഇന്ന് ഞാൻ എന്റെ പ്രഭാഷണം ഇവിടെ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായി ഞാൻ അല്ലാഹു (ത) യോട് പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് ! അല്ലാഹു (ത) അവന്റെ പ്രകാശത്താൽ നമ്മെ പ്രകാശിപ്പിക്കട്ടെ ! സത്യാന്വേഷകർക്ക് ഈ പ്രകാശം കണ്ടെത്തുവാൻ അവൻ അനുഗ്രഹം ചെയ്യട്ടെ ! അതിൽ നിന്നുള്ള ഏറ്റവും നല്ല സത്ഫലങ്ങൾ ലഭ്യമാകട്ടെ. ആമീൻ.

# ***PART - 2***

സലാമിനു ശേഷം, തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

കഴിഞ്ഞ വെള്ളിയാഴ്ച ആരംഭിച്ച പ്രസംഗം തുടരുവാനുള്ള സ്വർഗ്ഗീയാവസരം പ്രദാനം ചെയ്ത എന്റെ ബബിന് ഞാൻ ആദ്യമെ നന്ദി രേഖപ്പെടുത്തുന്നു. അവന്റെ അനുഗ്രഹവും അവൻ പ്രദാനം ചെയ്യുന്ന അറിവും ഇല്ലെങ്കിൽ എനിക്കിത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ കഴിയുകയില്ല. ഒരിക്കലും അവസാനിക്കാത്ത ഒരു സമുദ്രം പോലെ എന്റെ റബ്ബ് എന്റെ ഹൃദയത്തിൽ അവന്റെ അനുഗ്രഹ വർഷങ്ങൾ ഒഴുക്കി വിടുകയാണ്. അതിലൂടെ നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനായി, അങ്ങനെ നിങ്ങളിലോരോരുത്തരിലും അല്ലാഹുവിന്റെ പ്രകാശധാര പൂർണ്ണതോതിൽ പ്രവേശിക്കുന്നതിനായി, അതുമൂലം അസാധാരണമായ ഈ അനുഗ്രഹങ്ങളും പ്രകാശവും നിങ്ങൾക്ക് പ്രയോജനകരമായി തീരുന്നതിനും വേണ്ടി. ഇൻശാ അല്ലാഹ് !

അല്ലാഹു (ത) യുടെ സഹായവും മാർഗ്ഗദർശനവും ഇല്ലാതെ, അവന്റെ പിന്താങ്ങലും പ്രത്യേക ശ്രദ്ധയുമില്ലാതെ, അറിവിന്റെ ആഴങ്ങൾ എന്നിൽ വർദ്ധിപ്പിക്കാതെ, ഈ മഹത്തായ യജ്ഞത്തിൽ എനിക്ക് തനിയെ ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുകയില്ല. സത്യത്തിൽ എനിക്ക് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുവാൻ വളരെ പ്രയാസമാണ്. അതായത് എന്നെ എന്റെ റബ്ബ് എങ്ങനെയാണ് സഹായിക്കുന്നത് ? എങ്ങനെയാണ് മാർഗ്ഗദർശനം നല്കുന്നത് ? ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു എന്നെ എങ്ങനെയാണ് ഖലീഫയായി തെരഞ്ഞെടുത്തത് ? ജനങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്. മറിച്ച് അല്ലാഹു താൻ തന്നെയാണ് തെരഞ്ഞെടുത്തത്. ആയതിനാൽ ഞാൻ എന്റെ റബ്ബിന് വീണ്ടും നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ ആഴ്ചയിലെ അതേ വിഷയം തന്നെ ഈ ആഴ്ചയിലും തുടരുകയാണ്.

നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ''നിങ്ങൾ

പരസ്പരം ശത്രുത വെച്ചു പുലർത്തരുത്. ഒരാൾ വില പറയുന്ന സാധനത്തിന് അയാളുടെ സാന്നിദ്ധ്യത്തിൽ വിലകൂട്ടി പറയരുത്; പരസ്പരം വെറുക്കരുത് ! നിങ്ങൾ പരസ്പരം അവഗണിക്കരുത്, ഒരാൾ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ കയറി കച്ചവടം നടത്തരുത്. എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമകളെ ! നിങ്ങൾ സഹോദരന്മാരായി കഴിയുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ, അവന്റെ സഹോദരനെ ഇടിച്ചു താഴ്ത്തരുത്; അവൻ, അവനോട് കള്ളം പറയരുത്; താണവനായി കാണരുത്; അപമാനിക്കരുത്; തഖ്‌വ ഇവിടെയാണ് (മൂന്നു പ്രാവശ്യം തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കാണിക്കുകയുണ്ടായി) ഒരു മുസ്‌ലിം തന്റെ വിശ്വാസിയായ സഹോദരന്റെ എല്ലാ കാര്യങ്ങളും പരിപാപനമായി കാണേണ്ടതാണ്; അവന്റെ രക്തം, അവന്റെ ധനം, അവന്റെ മാന്യത.'' (മുസ്‌ലിം)
അത്ഭുതമെന്നു പറയട്ടെ ! തന്റെ അനുചരന്മാരോടും സമുദായത്തോടും ഈ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും വിശുദ്ധ ഖുർആനിലും, തിരു സുന്നത്തിലും ആലേഖനം ചെയ്തിട്ടുണ്ടെങ്കിലും, മുസ്‌ലിംകൾ എന്നു പറയുന്നുവെങ്കിലും, ഇസ്‌ലാമിന്റെ സംരക്ഷകരാണ് എന്നു പറയുന്നവരും, അഹ്മദികൾ എന്ന് പറയുന്നവരും ഈ കല്പനകളൊന്നും മാനിക്കുന്നില്ല. ഇതര മുസ്‌ലീംകളെപോലെ, അഹ്മദി മുസ്‌ലീംകളും അനിസ്‌ലാമികമായ, ഭൗതിക ആകർഷണവലയത്തിലകപ്പെട്ട് ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് വിദൂരത്തായിരിക്കുന്നു. **എന്റെ ആത്മാർത്ഥ അനുയായികളും, പിൻഗാമികളും, പിശാചിന്റെ പ്രേരണകളിൽ അകപ്പെട്ട്, സത്യപാതയിൽ നിന്നും വ്യതിചലിച്ച്, തന്റെ വിശ്വാസ സഹോദരരിൽ നിന്നും അകന്നു പോകുന്ന അവസ്ഥ ഉണ്ടാകരുതെ എന്നാണ് എന്റെ പ്രാർത്ഥന. അല്ലാഹു (ത) നിങ്ങളെ എല്ലാവരേയും ഇതിൽ നിന്നും സംരക്ഷിക്കട്ടെ ! ആമീൻ.**

## <u>ഇസ്‌ലാമിന്റെ ഇന്നത്തെ അവസ്ഥ.</u>

ഇസ്‌ലാമിലെ അനേകം ജമാഅത്തുകളിൽ, അഹ്മദിയാ ജമാഅത്തിൽ ഉൾപ്പടെ അവരുടെ ഭരണക്രമങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കാണുമ്പോൾ ദുഃഖം തോന്നുന്നു. ഇസ്‌ലാമിന്റെ സംരക്ഷകർ എന്ന് അവകാശപ്പെടുന്ന അഹ്മദികൾ പോലും തങ്ങൾ പറയുന്ന കാര്യങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടു വരുന്നില്ല. അനേകം പേർ തങ്ങളുടെ വിശ്വാസി സഹോദരനെ ചതിക്കുകയാണ്. ദൈവീക കല്പനകൾക്കും, പ്രവാചകചര്യയ്ക്കും, ഭരണ രംഗത്തെ തലപ്പത്തുള്ളവർ പോലും വേണ്ടത്ര ആദരവ് നല്കുന്നില്ല. പൊതു മുസ്‌ലീംകൾ പൊതുവിലും, അഹ്മദി മുസ്‌ലീംകൾ പ്രത്യേകിച്ചും, ഇസ്‌ലാമിക നിയമവ്യവസ്ഥയെ മാനിക്കുന്നില്ലെങ്കിൽ, മുഹമ്മദ് (സ) യുടെ ഉമ്മത്തിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഒന്ന് ആലോചിച്ചു നോക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ തലപ്പത്ത് ഇതാണ് അവസ്ഥയെങ്കിൽ പ്രാദേശിക തലത്തിൽ (മൗറീഷ്യസ്) എന്തായിരിക്കും അവസ്ഥ.? തഖ്‌വ ഉള്ളവരാണ് എന്നു പറയുന്നവർ ധാരാളമുണ്ട്. എന്നാൽ അവർ തങ്ങളുടെ അഹ്മദി സഹോദരന്മാരെ ചതിക്കുകയാണ്. അത്തരത്തിലുള്ള അനേകം പേരെ എനിക്കറിയാം. മൗറീഷ്യസിലെ ജമാഅത്തു അഹ്മദിയായിൽ ഇതാണ് അവസ്ഥയെങ്കിൽ ലോകമെമ്പാടുമുള്ള അഹ്മദിയ്യാ ജമാഅത്തിൽ എന്തായിരിക്കും അവസ്ഥ ? ഖലീഫത്തുൽ മസീഹിന്റെ പ്രതിനിധികൾ, തഖ്‌വ പ്രകടിപ്പിക്കേണ്ടവർ അവരുടെ കാര്യമാണ് വളരെ പരിതാപകരം. അഹ്മദി സഹോദരീ സഹോദരന്മാരുടെ കഠിന പ്രയ്തനത്തിലൂടെ അവർ നല്കിയ സംഭാവനകൾ (സക്കാത്ത്, ചന്ദ:, തഹ്‌രീകെ ജദീദ് തുടങ്ങിയവ) അനുവാദമില്ലാതെ എടുക്കുകയാണ്. അവരുടെ കീഴിൽ ജോലി ചെയ്യുന്ന ജോലിക്കാർക്ക് ശമ്പളം നല്കാതെ പറഞ്ഞയക്കാൻ വരെ അവർ തയ്യാറാകുന്നു. ഞാനിത് പറയുവാൻ കാരണം, ജമാ അത്തു അഹ്മദിയായ്യിൽ 1987 - 2000 കാലഘട്ടത്തിൽ ഞാൻ ആ പ്രസ്ഥാനത്തിലെ ഒരു ജോലിക്കാരനായിരുന്നു. മൗറീഷ്യസിലെ ജമാഅത്തും അതിന്റെ അമീറും എന്റെ ശമ്പളം നല്കിയില്ല. എന്റെ സർവ്വീസ് ദൈർഘ്യം പരിഗണിച്ച്, ആനുകൂല്യങ്ങൾ നല്കിയില്ല. ഓരോ ജീവനക്കാരനും അതിനവകാശമുള്ളതാണ്. 14 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഞാനുമായുള്ള കരാർ അവർ പാലിച്ചിട്ടില്ല. ഈ കടം തന്നു തീർത്തിട്ടുമില്ല. ദൈവീക നിയമപ്രകാരവും, പ്രവാചക പ്രഭു മുഹമ്മദ് (സ) യുടെ അധ്യാപനമനുസരിച്ചും, രാജ്യത്തെ നിയമവ്യവസ്ഥ അനുസരിച്ചും എന്റെ അവകാശങ്ങളെ അവർ മാനിക്കേണ്ടതാണ്. എന്നോടുള്ള ഉടമ്പടികൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഇതുവരെയും യഥാർത്ഥ മുസ്‌ലീംകൾ എന്ന നിലയിൽ, തങ്ങളുടെ കീഴിൽ ജോലി ചെയ്ത ജീവനക്കാരന് വേതനം നല്കിയിട്ടില്ല. ഒരു ഡ്രൈവർ എന്ന നിലയിൽ ജമാ അത്തിന് സേവനം ചെയ്ത് അതിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് എനിക്ക് ജീവിക്കേണ്ടത് എന്ന് എന്തുകൊണ്ട് കരുതിയില്ല. ഇതോടൊപ്പം ചേർത്തു

വായിക്കേണ്ട ഒരു കാര്യം കൂടിയുണ്ട്. അതായത് അവർ എന്റെ മേൽ സാമൂഹ്യ ബഹിഷ്ക്കരണം ഏർപ്പെടുത്തുകയും ചെയ്തു. അല്ലാഹു (ത) യുടെ വീക്ഷണത്തിലും, ഭൗതീക നിയമ വീക്ഷണത്തിലും, ഈ നടപടികൾ അതായത് ശമ്പളം നല്കാതിരിക്കുക, സാമൂഹ്യ ബഹിഷ്ക്കരണം നടത്തുക, ഇവ രണ്ടും നിയമലംഘനമാണ്. നാലാം ഖലീഫ ഈ വിഷയം ചെവിക്കൊണ്ടില്ല. എന്നു മാത്രമല്ല അഞ്ചാം ഖലീഫയും അതേ അനിസ്ലാമിക പാതയിൽ തന്നെ ! ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. ഒരു യഥാർത്ഥ മുസ്ലീം, തന്റെ സഹോദരന്റെ മാന്യതയും, ധനവും സംരക്ഷിക്കുന്നവനാണ്. മാത്രമല്ല നമ്മുടെ പ്രിയങ്കരരായ പ്രവാചകർ (സ) പറയുകയുണ്ടായി **ഒരു തൊഴിലാളിയുടെ വിയർപ്പു ഉണങ്ങുന്നതിന് മുമ്പ് അവന്, അവന്റെ അർഹതപ്പെട്ട വേതനം നല്കിയിരിക്കണം.**

ജമാ അത്തു പണം കൊള്ളയടിക്കുന്ന അഹ്മദി മുസ്ലീംകൾ, അഹ്മദി സഹോദരങ്ങളെ ചതിക്കുന്ന അഹ്മദികൾ, അവരിപ്പോഴും ജമാഅത്തിൽ തന്നെയുണ്ട്. അവരുടെ മേൽ ഒരു ബഹിഷ്ക്കരണവും ഇല്ല. അവരൊക്കെ ജമാഅത്തിൽ ഉണ്ട് എന്ന് മാത്രമല്ല, അവരെയൊക്കെ ജമാഅത്തു പരിപാടികളിൽ ക്ഷണിക്കുന്നുമുണ്ട്. ഈ തെറ്റു ചെയ്യുന്നവരെ തുറന്നു കാട്ടുമ്പോൾ, ഈ യഥാർത്ഥ കുറ്റവാളികൾ ബഹുമാന്യ വ്യക്തികളായി ജമാഅത്തു അഹ്മദിയായ്യിൽ ഉണ്ട്. മൗറീഷ്യസിലെ ഈ ദൈവീക ദൃഷ്ടാന്താരംഭത്തിൽ, ഈ വിനീതനും സഫറുല്ലാ ഡുമൂൻ സാഹിബും, അദ്ദേഹം എന്റെ ധാരാളം വെളിപാടുകൾ രേഖപ്പെടുത്തുകയും, അപ്പോഴത്തെ ഖലീഫ (ഹസ്രത് മിർസാ താഹിർ അഹ്മദ്) യെ എനിക്ക് ലഭിക്കുന്ന ദൈവീക വെളിപാടുകൾ സംബന്ധമായ വസ്തുതകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു (ത) എന്നോട് സംസാരിക്കുന്നു എന്ന ഒറ്റക്കാരണത്താൽ, ഗൂഢ തന്ത്രജ്ഞർ, ഗൂഢാലോചന നടത്തുകയും മുനീർ അഹ്മദ് അസീമിനേയും സഫറുല്ലാ ഡുമൂൻ സാഹിബിനേയും പുറത്താക്കുവാനുള്ള വഴി തേടുകയും ചെയ്തു. മനുഷ്യർ തെരഞ്ഞെടുത്ത ഖിലാഫത്തിന് ഞാനൊരു വിനയായി തീരുമെന്ന് അവർ ഭയന്നതായിരിക്കാം. തഖ്വ രഹിതമായ ഹൃദയങ്ങൾ നേതൃ നിരയിലാകുമ്പോൾ ഇതുമാത്രമേ പ്രതീക്ഷിക്കുവാനുള്ളൂ. ഈ വിനീതനെ അല്ലാഹു തെരഞ്ഞെടുത്ത് അല്ലാഹു (ത) സംസാരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ എന്റെ മേൽ ശാപവർഷം ചൊരിയുന്ന ഒരു ഖലീഫയും അദ്ദേഹത്തിന്റെ കൂട്ടാളികളെക്കുറിച്ചും ഒന്ന് സങ്കൽപ്പിച്ചു നോക്കുക. !

ദൈവീക വെളിപാടുകൾ, മനുഷ്യാത്മാവിന്റെയും ഹൃദയത്തിന്റെയും പ്രകാശം, മനുഷ്യന്റെ യഥാർത്ഥ നവീകരണം, അവരെ സംബന്ധിച്ചടത്തോളം ഹറാമായ കാര്യമായിരിക്കുന്നു. ! ചതിയും മോഷണവും ഹലാലും ! ജമാഅത്ത് അഹ്മദിയായുടെ പുതിയ കാലം ! നമ്മുടെ മുൻഗാമികൾ, യഥാർത്ഥ അഹ്മദി മുസ്ലീംകൾ, അവർ വളരെയധികം ത്യാഗങ്ങൾ അനുഭവിച്ചു. അഹ്മദിയ്യാ ജമാഅത്തിനെ സമുന്നത സ്ഥാനത്ത് എത്തിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ അജയ്യമായ ശക്തി പ്രഭാവത്താലും ഇതൊക്കെ നേടി. എന്നാൽ ഇന്ന് പുതിയ തലമുറ ഈ നേട്ടങ്ങളെ ചവിട്ടി മെതിക്കുകയാണ്. ഇസ്ലാമിന്റെ അധ്യാപനങ്ങൾക്കു നേരെ മുഖം തിരിച്ചു നില്ക്കുന്നു.! മുഹമ്മദ് (സ) യുടെ അധ്യാപനത്തിനെതിരെ ! ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യുടെ നവീകരണത്തിനെതിരെ ! വാഗ്ദത്ത മസീഹ് (അ) കൊണ്ടു വന്ന അധ്യാപനങ്ങൾക്കെതിരിൽ പൊതു മുസ്ലീംകൾ നിലകൊണ്ടപ്പോൾ, പണ്ട്, നമ്മൾ പറയുമായിരുന്നു ; അവർ വ്യക്തമായ തെറ്റിലും വഴികേടിലും ആയിപ്പോയല്ലോ എന്ന് ! എന്നാൽ ഇപ്പോൾ അല്ലാഹു (ത) തന്റെ മറ്റൊരു മസീഹിനെ കൊണ്ടുവന്നപ്പോൾ വിധിനാൾ വരേക്കും ദൈവീക വെളിപാടുകളുടെ വാതിലുകൾ തുറന്നു കിടക്കുമെന്ന് എന്ന് പ്രഘോഷിച്ചവർ തന്നെ, അല്ലാഹു (ത) തെരഞ്ഞെടുത്ത് അയച്ചവനെതിരിൽ നിലകൊള്ളുന്നു. ! മത നവീകരണത്തിനായി തെരഞ്ഞെടുത്തവനെതിരിൽ ! അല്ലാഹുവിന്റെ ഖലീഫക്കെതിരിൽ ! അല്ലാഹുവിന്റെ മസീഹിനെതിരിൽ ! അല്ലാഹുവിന്റെ ദൂതനെതിരിൽ!

പരിശുദ്ധമായ ഹൃദയം അഴുക്കുപിടിച്ചതായി മാറുന്നു. കറപിടിച്ച ഹൃദയം സ്വർണ്ണമായി മാറുന്നു. സ്വർണ്ണത്തെ ഇപ്പോൾ കത്തിക്കരിഞ്ഞ് പോകുവാൻ കൊടും തീയിലേക്ക് ഇടുന്നു. ആയതിനാൽ അവർക്ക് തഖ്വ കണ്ടെത്തുവാൻ കഴിയുന്നില്ല. എന്റെ സഹോദരീ സഹോദരന്മാരെ ! അല്ലാഹുവിന്റെ പദ്ധതികൾ അത്ഭുതകരമായതാണ്. ! ദൈവീകമായി നിയന്ത്രിക്കുന്ന ഒരാളുടെ മേൽ ആർക്കും കല്പനകൾ പുറപ്പെടുവിക്കാവതല്ല. അല്ലാഹുവിന്റെ ശക്തിക്കും പദ്ധതിക്കുമെതിരിൽ ആർക്കും നിലനിൽക്കുവാൻ സാധ്യമല്ല. ! അല്ലാഹുവിനോട് കല്പിക്കുവാൻ ആർക്കും സാധ്യമല്ല, മറ്റൊരു ദൂതനെ അയക്കുവാൻ പറയുവാനും സാധ്യമല്ല. അല്ലാഹു തന്റെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന് ആവശ്യമുണ്ട് എന്ന് അവന് തോന്നുമ്പോഴൊക്കെ ! സ്വർഗ്ഗത്തിൽ നിന്നും വരുന്ന ശുദ്ധ ജലം കൊണ്ട് ഹൃദയത്തെ ശുദ്ധീകരിക്കുന്നു. മനുഷ്യന് അറിവില്ലാത്തത് അവൻ പഠിപ്പിക്കുന്നു. മറഞ്ഞ സത്യങ്ങളെ അവൻ പുറത്തുകൊണ്ടു വരുന്നു.

അല്ലാഹുവിന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കാമെന്ന് കരുതരുത്. ! അവർ ഹൃദയത്തിന്റെ ഒരു കോണിൽ അല്ലാഹുവിന്റെ അധ്യാപനങ്ങളെ ഇടുവാൻ ശ്രമിക്കുന്നു. അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കു നേരെ ചെവി കേൾക്കാത്തവരായും, അന്ധന്മാരായും കഴിയുന്നു. ശാശ്വതമായി ഭൂമിയിൽ വസിക്കാമെന്ന ധാരണയോടെ അവരുടെ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ മുസ്‌ലീം ലോകത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. തെളിവ് സഹിതം ധാരാളം ഉദാഹരണങ്ങൾ എനിക്ക് നല്കുവാൻ കഴിയും. ഇന്നത്തെ എന്റെ പ്രസംഗ വിഷയം അതല്ല. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ ! ഇവരുടെ പര്യാവസാനം വളരെ ഗുരുതരമായിരിക്കും. നിശ്ചയമായും ! അൽപാൽപമായി അവൻ വാഗ്ദാനം ചെയ്ത പ്രകാരം, അല്ലാഹു (ത) അവരെ എങ്ങനെയാണ് നാശത്തിലേക്ക് കൊണ്ടെത്തിക്കുന്നതെന്ന് കാണുക. അവർക്ക് എന്താണ് സംഭവിക്കുന്നതെന്ന് അവർ പോലും അറിയാതെ അത് സംഭവിക്കും. അവരുടെ മേൽ അവന്റെ നാശം ചൊരിഞ്ഞുകൊണ്ടേയിരിക്കും. - ദൈവീക ശിക്ഷ- അത് അവർ ദൈവദൂതനെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, പെരുമാറുകയും ചെയ്തതുകൊണ്ടാണ്. ഈ വിനീതനെതിരിൽ ഭയാനകമായ രീതിയിലാണ് അവർ പ്രവർത്തിച്ചത്, തന്മൂലം അല്ലാഹു (ത) അവരുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കും, കൂടുതൽ ശമ്പളം ലഭിച്ചിരുന്നവർ, അവരുടെ വേതനത്തിൽ നിന്നും പുറത്താക്കപ്പെടും. ഇവർ പറയുന്നത് എല്ലാവരോടും സ്നേഹം, ആരോടുമില്ലാ വെറുപ്പ് എന്നാണ് . എന്നാൽ അവരുടെ ഹൃദയം നിറയെ വെറുപ്പാണ്. ദൈവീക പ്രകാശം ഉള്ളിൽ കടക്കുന്നതിൽ നിന്ന് തടയുന്നു. അതുകൊണ്ട് തന്നെ യഥാർത്ഥ സ്നേഹവും സാഹോദര്യവും ജനിക്കുന്നില്ല. ! അല്ലാഹു (ത) വെളിപാടിലൂടെ എന്നെ അറിയിക്കുകയുണ്ടായി. ''എനിക്കെതിരെ അവർ എങ്ങനെയാണോ ഗൂഢ പദ്ധതികൾ ആവിഷ്ക്കരിച്ചത് അതുപോലെ അല്ലാഹു (ത) അവർക്കെതിരേയും തിരിയുന്നതാണ്. എല്ലാ രംഗങ്ങളിലും അവർ അപമര്യാദയായിട്ടാണ് പെരുമാറിയത്. ! അത് ഭൗതീകമായാലും, ആത്മീയമായാലും! അല്ലാഹു (ത) എനിക്ക് ഉറപ്പു നല്കിയിരിക്കുകയാണ്. അതായത് ഈ പറയപ്പെട്ട അഹ്മദി മുസ്‌ലീംകൾ, ഇസ്‌ലാമിന്റെയും അഹ്മദിയത്തിന്റെയും സംരക്ഷകർ എന്ന് പറയുന്ന ഇവർ, മനുഷ്യർ തെരഞ്ഞെടുത്ത ഖലീഫയും, അദ്ദേഹത്തിന്റെ ഭരണ നിർവ്വഹണ സമിതിയും, കുടുംബ മാഹാത്മ്യത്തിന്റെ പേരിൽ ഊറ്റം കൊള്ളുന്നവരും, മറ്റും മറ്റും, ഇവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ, ഇവർ തെറ്റായ വഴികൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ, ഇവരുടെ ജീവിതം സംസ്ക്കരിക്കുന്നില്ലെങ്കിൽ, ദൈവീക സത്യത്തേയും ദൂതനേയും അംഗീകരിക്കുന്നില്ലെങ്കിൽ, അല്ലാഹു (ത) ഇവരുടെ ഉന്നതികളിൽ നിന്നും ഇവരെ ആഴങ്ങളിലേക്ക് വീഴ്ത്തുന്നതാണ്, അവരുടെ സമ്പൂർണ്ണ വിധി, സമ്പൂർണ്ണ നാശമായിരിക്കും. ! ഇവരുടെ നാശത്തിന്റെ ദിനങ്ങൾ വന്നു കൊണ്ടിരിക്കുന്നു.

**എന്റെ റബ്ബിനോടുള്ള എന്റെ വിനീത പ്രാർത്ഥനയിതാണ്, എന്റെ അല്ലാഹ് ! ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിലെ, എന്റെ ജമാ അത്തിലെ എല്ലാ അംഗങ്ങളേയും ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെക്കുറിച്ച് ചിന്തിക്കുന്നവരാക്കി തീർക്കണമേ ! തങ്ങളുടെ വിശ്വാസ സഹോദരങ്ങളോട് തികച്ചും സത്യസന്ധമായി പെരുമാറുവാൻ അവരെ പ്രാപ്തരാക്കേണമേ! അവരുടെ ഹൃദയങ്ങളെ നിറയെ സ്നേഹവും സാഹോദര്യവും കൊണ്ട് നിറയ്ക്കണമേ ! അവരുടെ ഹൃദയങ്ങളിൽ അസൂയ ഇട്ടുകൊടുക്കരുതേ ! കാരണം അസൂയ മുസ്‌ലീംകൾക്കിടയിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്ന സാത്താന്റെ ഉപകരണമാണ്. ! അങ്ങനെയവരെ അത് നാശത്തിൽ കൊണ്ട് എത്തിക്കുന്നതാണ്. എന്റെ അനുചരമാരെയും അനുയായികളെയും ദുഷ്ചിന്തകളിൽ അകപ്പെടാതെയും ആത്മീയ നാശം സംഭവിക്കാതെയും കാത്തു രക്ഷിച്ചു കൊള്ളേണമേ ! ആമീൻ.**

## അനുസരണത്തിന്റെ ആവശ്യകത

ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം സ്ഥാപിതമായിട്ടുള്ള എല്ലാ രാജ്യങ്ങളിലെയും എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ ! നിങ്ങളുടെ അമീർമാരെ നിങ്ങൾ അനുസരിക്കുവാൻ കഠിനയത്നം ചെയ്യുക. അവർ നിങ്ങളെ തഖ്‌വയിലൂടെ നേർവഴിയിൽ നടത്തുവാൻ ശ്രമിക്കുമ്പോൾ നിങ്ങൾ അവരെ സമ്പൂർണ്ണമായി അനുസരിക്കുക. അവർ ഇത് ചെയ്യുന്നത് എന്റെ മേൽനോട്ടത്തിൻ കീഴിലാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ഒരു കുടുംബമായി കഴിയേണ്ടതാണ്. അത് ഒരൊറ്റ ശരീരമാണ്. നിങ്ങളുടെ നാശത്തിലേക്ക്, നയിക്കുന്നവരെ നിങ്ങൾ പിന്തുടർന്നാൽ, ഞാൻ പറയട്ടെ !നിങ്ങൾ ദൗർഭാഗ്യവാന്മാരാണ്! നഷ്ടകാരികളാണ്! നിങ്ങൾക്ക് വളരെയധികം അപമാനം സഹിക്കേണ്ടി വരും ! നമ്മുടെ ജമാ അത്തിൽ ഇത് സംഭവിക്കാതിരി

ക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ രാജ്യങ്ങളിലേയും ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ അമീർമാരോട് ഞാൻ ആവശ്യപ്പെടുന്നു. ; തൊഴിലാളികളുടെ അവകാശങ്ങളെ നിങ്ങൾ ആദരിക്കണം! അത് സാധാരണ തൊഴിലാളികാളായാലും ശരി! ജമാഅത്തിന്റെ ജോലിക്കാരായാലും ശരി ! അവരുടെ ശമ്പളം പൂർണ്ണമായി നല്കുക, വാഗ്ദാനങ്ങളെല്ലാം പാലിക്കപ്പെടണം.! കഴിയുന്നതും വേഗം കടങ്ങളൊക്കെ തീർത്തിരിക്കണം. നിങ്ങൾ എല്ലാപേരും സഹോദരങ്ങളാണ്. നിങ്ങൾ ഓരോരുത്തരും തന്റെ വിശ്വാസ സഹോദരന് / സഹോദരിയ്ക്ക് വളരെ വിലയുള്ളവർ തന്നെയാണ്. നിങ്ങൾ നിങ്ങളുടെ സഹോദരന്റെ / സഹോദരിയുടെ വികാരങ്ങളെ വ്രണപ്പെടുത്തരുത് ! ഇസ്ലാമിക രീതിയിൽ തന്നെ ഇസ്ലാമിന്റെ സന്ദേശമെത്തിക്കുവാൻ കഠിനമായി യത്നിക്കുക. ഇസ്ലാമിനെ പ്രബോധിക്കുവാൻ അനിസ്ലാമിക വഴികൾ സ്വീകരിക്കരുത്. നമ്മുടെ ജമാഅത്തിന്റെ സന്ദേശം എത്തിക്കേണ്ടത് ശരിയായ രീതിയിൽ തന്നെയായിരിക്കണം. ഇന്റർനെറ്റിൽ, ഫെയ്സ്ബുക്ക് പോലുള്ള സൈറ്റുകൾ ഉപയോഗിക്കുമ്പോൾ, ശരിയായ നിലയിൽ തന്നെയായിരിക്കണം ദഅ്വ നടത്തേണ്ടത്. സന്ദേശത്തിൽ നൂതനമായി ഒന്നും കൂട്ടിചേർക്കരുത്. അഥവാ ഇസ്ലാമിക പ്രാർത്ഥനകളോടൊപ്പം, വാക്കുകളോടൊപ്പം വശീകരണ സ്വഭാവമുള്ള മ്യൂസിക്കുകൾ കലർത്തരുത്. ഫെയ്സ്ബുക്കിൽ ചില ഖസീദകൾ ആധുനിക പാട്ടുകളായി പരിവർത്തനം ചെയ്യപ്പെടുന്നുണ്ട്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിനെ തുടർന്ന് മ്യൂസിക്കും ഡ്രമ്മും ഉപയോഗിക്കുന്നു. ഇവ തികച്ചും അനിസ്ലാമികമാണ്. ഇതിലൂടെ ജമാഅത്തു സ്സഹീഹിൽ ഇസ്ലാം തെറ്റായ സന്ദേശമാണ് മറ്റുള്ളവർക്ക് നല്കുന്നത്. ആയതിനാൽ ലോകമെമ്പാടുമുള്ള എന്റെ അനുയായികളെ ഞാൻ ഉപദേശിക്കുകയാണ്. ഫെയ്സ്ബുക്കിലും / ഇന്റർനെറ്റിലുമുള്ള ഇസ്ലാമിനും നമ്മുടെ ജമാഅത്തിനും ചീത്തപ്പേര് ഉണ്ടാക്കുന്ന എല്ലാ മെറ്റീരിയൽസും, ഉടൻ നീക്കം ചെയ്യുക. ഒരു ദൈവ ദൂതന്റെ സാന്നിദ്ധ്യത്തിൽ ഇത് ഉണ്ടാകാൻ പാടില്ല.

ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, മറ്റുള്ളവരിലേക്ക് ഈ നൂറ്റാണ്ടിലെ ദൈവിക സന്ദേശത്തെ വ്യാവിപ്പിക്കുവാൻ നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അത് ഫെയ്സ്ബുക്കിലൂടെയായാലും ശരി എന്നാൽ അത് തികച്ചും ഇസ്ലാമിക രീതിയിൽ തന്നെയായിരിക്കണം. അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്ന നല്ല പ്രവർത്തനങ്ങൾ ചെയ്യുക. നിങ്ങളിൽ അല്ലാഹുവിന്റെ കോപം ഉണ്ടാകുന്ന ഒരു പ്രവൃത്തിയും ചെയ്യാതിരിക്കുക. ഇൻശാ അല്ലാഹ് !

മാത്രമല്ല എന്റെ പ്രിയരേ, മറ്റുള്ളവരെ സഹായിക്കുവാൻ എപ്പോഴും തയ്യാറായിരിക്കുക. മറ്റുള്ളവരെ സഹായിക്കുമ്പോൾ നിങ്ങൾ പാപ്പരായി പോകുമെന്ന് ധരിക്കരുത്. നിങ്ങളുടെ ഉദ്ദേശ്യങ്ങൾ സംശുദ്ധങ്ങളാണെങ്കിൽ, നിശ്ചയമായും അല്ലാഹുവാണ് നിങ്ങളുടെ എല്ലാം വഴികൾ തുറക്കുന്നത്. നമ്മുടെ ജമാഅത്തിന്റെ ഖജനാവ് സമ്പന്നമാണ്. അല്ലാഹു (ത)യുടെ അനുഗ്രഹവർഷവും സഹായവും കൊണ്ട് നമ്മുടെ ജമാഅത്തിന്റെ എല്ലാ പദ്ധതികളും പൂർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ് !

ക്ഷമയുടെ ഫലങ്ങൾ, അനതിവിദൂരഭാവിയിൽ മധുരം തന്നെയായിരിക്കും. ആ മധുരം മറ്റുള്ളവർക്കും നുകരുവാൻ സാധിക്കും. ഇൻശാ അല്ലാഹ് ! ആത്മീയാന്ധത ബാധിച്ചവരുടെ ആത്മീയാന്ധത അല്ലാഹു (ത) നീക്കം ചെയ്യട്ടെ ! അവരുടെ ആന്തരിക കണ്ണുകളുടെ അത്ഭുതകരമായ കാഴ്ച ശക്തി അല്ലാഹു പ്രദാനം ചെയ്യട്ടേ ! ഹൃദയം തുടിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കട്ടെ ! അവന്റെ കല്പനകളുടെ പൂർത്തീകരണത്തിനായി മാത്രം ! ഇൻശാ അല്ലാഹ്.

**തഖ്‌വയുടെ ലക്ഷണങ്ങൾ**

എന്റെ പ്രസംഗ വിഷയം തുടർന്നുകൊണ്ടിരിക്കുകയാണ്. ഒരു വിശ്വാസി അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കലാകുന്നു തഖ്‌വയുടെ അടയാളങ്ങൾ. അതുപോലെ ശരീഅത്തിൽ നിരോധിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്ന് അകന്നു നില്ക്കുക എന്നതും തഖ്‌വയുടെ ലക്ഷണമാണ്. **വല്ലവനും, അല്ലാഹുവിന്റെ പാവന ചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ തഖ്‌വയിൽപ്പെട്ടതാണ്.** (22:33)

ഒരു ഖുദ്സിയായ ഹദീസിൽ അല്ലാഹു (ത) പറഞ്ഞതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ''എന്റെ രഹസ്യങ്ങളിൽ നിന്നുള്ള ഒരു രഹസ്യമാണ് ആത്മാർത്ഥത. എന്റെ ഇഷ്ടദാസന്മാരുടെ ഹൃദയങ്ങളിൽ ഞാനത് നിക്ഷേപിക്കുന്നു. ഓർക്കുക മൃദുത്വവും ഹൃദയ നൈർമല്യവും ദഅ്വയുടെയും തബ്ലീഗിന്റെയും വിജയ രഹസ്യമാണ്. സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർ ആനിൽ വിശുദ്ധ പ്രവാചകനെ അഭിസംബോധന

ചെയ്യുന്നു. **"അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറി പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. "** (3:160)

എന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം ഞാൻ അവസാനിപ്പിക്കുകയാണ്. ഈദുൽ അദ്ഹായ്ക്കു ശേഷം ഇതേ വിഷയം തുടരുവാനുള്ള തൗഫീഖിനായി ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) യോടു ഈ പ്രാർത്ഥന നടത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. എന്റെ അനുയായികളെല്ലാം ഈ പ്രാർത്ഥന നടത്തുവാനും ആഹ്വാനം ചെയ്യുന്നു.

**"യാ ! അല്ലാഹ് ! നിന്നെ തൃപ്തിപ്പെടുത്തുന്നത് ഞാൻ നിന്നോടു ചോദിക്കുന്നു. നിനക്ക് അതൃപ്തി ഉണ്ടാകുന്ന കാര്യങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. എന്റെ എല്ലാ പാപങ്ങളിൽ നിന്നും എന്നെ ശുദ്ധീകരിക്കുവാൻ ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു. എന്റെ തെറ്റുകളിൽ നിന്നും എന്നെ മുക്തനാക്കേണമേ ! എന്റെ ഹൃദയത്തെ പരിശോധിക്കുകയും അതു നിറയെ തഖ്‌വ കൊണ്ട് നിറയ്ക്കുകയും ചെയ്യേണമെ ! പാപികളുടെ പാപങ്ങളെ പൊറുത്തുകൊടുക്കുന്നവനെ ! പ്രാർത്ഥന സ്വീകരിച്ചാലും !**

# PART - 3

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറഃ അൽഫാതിഹാ ഇവ പാരായണം ചെയ്ത ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

യാ അല്ലാഹ് ! നിന്നോട് വണക്കമുള്ളവനായി എന്നെ നീ ആക്കിത്തീർക്കണമേ ! പശ്ചാത്തപിക്കുവാൻ എന്റെ നെഞ്ച് തുറന്നു തരേണമേ ! എന്നെ നിന്റെ സംരക്ഷണയിൽ നിർത്തേണമേ ! ഹൃദയം എന്ന വിഷയത്തിന്റെ മൂന്നാം ഭാഗ പ്രസംഗം തുടരുവാനുള്ള അറിവ് പ്രദാനം ചെയ്യേണമേ ! കപടവിശ്വാസികളല്ലാത്ത, മുത്തഖീങ്ങളും സത്യാന്വേഷകരുമായവരുടെ ഹൃദയങ്ങൾക്ക് സ്വർഗ്ഗത്തിൽ നിന്നും പ്രവഹിക്കുന്ന നിന്റെ പ്രകാശം കരഗതമാക്കുവാൻ സാധിക്കുമല്ലോ ! അവരുടെ ഹൃദയങ്ങളിൽ തുളച്ചു കയറുന്ന ദൈവീക പ്രകാശത്തിലൂടെ അവർക്ക് ഹൃദയ സമാധാനം ലഭ്യമാകുന്നതാണ്. ആമീൻ.

സർവ്വ ശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയാണ് ഹൃദയത്തിന് ശാന്തിയും സമാധാനവും ലഭ്യമാകുന്നത്. വിശ്വാസ ദൃഢീകരണത്തിലൂടെയാണ് അത് ലഭിക്കുന്നത്. സർവ്വശക്തനായ അല്ലാഹു ഹസ്രത് ഇബ്രാഹീം (അ) ന്റെ സംഭാഷണം ഇപ്രകാരം വിവരിക്കുന്നു. **"ഇബ്രാഹീം പറഞ്ഞ സന്ദർഭവും (ഓർക്കുക) എന്റെ നാഥാ മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ച് തരുക. (അല്ലാഹു) പറഞ്ഞു. നീ വിശ്വസിച്ചിട്ടില്ലേ ? അദ്ദേഹം പറഞ്ഞു, ഉണ്ട്. (ഞാൻ വിശ്വസിച്ചിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്) പക്ഷേ എന്റെ മനസമാധാനത്തിനുവേണ്ടിയാണ് (ഞാൻ ഈ ചോദ്യം ഉന്നയിച്ചത്)"** (2:261)
അർത്ഥം :- അല്ലയോ എന്റെ രക്ഷിതാവേ ! നിന്റെ ശക്തി പ്രകടന ദൃഷ്ടാന്തം എന്റെ കണ്ണുകൾകൊണ്ട് സാക്ഷ്യം വഹിക്കുമ്പോൾ എന്റെ വിശ്വാസം കൂടുതൽ ശക്തിമത്തായി തീരുന്നതാണ്. ഹസ്രത് ഈസ (അ) ന്റെ അനുചരന്മാരുടെ അഭ്യർത്ഥന സർവ്വ ശക്തനായ അല്ലാഹു വിവരിക്കുന്നു. താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു അവരുടെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെപ്പറ്റി വിവരിക്കുന്നു. **"ഞങ്ങൾ അതിൽ നിന്ന് ഭക്ഷിക്കുകയും ഞങ്ങൾക്ക് മനസമാധാനം ഉണ്ടാവുകയും ചെയ്യുന്നതിന് വേണ്ടി"** (5:114) ഇതുകൊണ്ട് അർത്ഥമാക്കുന്നത് ഞങ്ങളുടെ ഹൃദയ സമാധാനത്തിന് വേണ്ടി, ഞങ്ങളുടെ വിശ്വാസം കൂടുതൽ ദൃഢീകരിക്കുന്നതിനുവേണ്ടി. ഞങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നത് ഞങ്ങൾ കാണുകയാണെങ്കിൽ, അപ്പോൾ ആ തെളിവുകളിലൂടെ, ഞങ്ങൾ കൂടുതൽ ബലവത്തായ വിശ്വാസികളായി തീരുന്നതാണ് ; തദ്വാര മനസമാധാനം കരഗതമാകുന്നതുമാണ്.

ബദ്ർ യുദ്ധ വേളയിൽ സർവ്വശക്തനായ അല്ലാഹു മുസ്‌ലീംകളെ സഹായിക്കുന്നതാണെന്നും താഴെപ്പറയുന്ന വാക്കുകളിലൂടെ വാഗ്ദാനം ചെയ്യുകയുണ്ടായി. **"ഇക്കാര്യം നിങ്ങൾക്ക് ഒരു സുവിശേഷമായും നിങ്ങളുടെ ഹൃദയങ്ങൾ സമാശ്വാസം കൊള്ളുന്നതിനും വേണ്ടി മാത്രമാണ് അല്ലാഹു ഇങ്ങനെ ആക്കിയിട്ടുള്ളത്. വാസ്തവത്തിൽ സഹായം പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹുവിൽ നിന്നല്ലാതെ ലഭിക്കുകയില്ല."**

(3: 127) ശത്രുവിന്റെ എണ്ണാധിക്യത്താൽ എണ്ണത്തിൽ കുറവായ വിശ്വാസികളുടെ ഹൃദയങ്ങൾ നിർവീര്യമാകാതിരിക്കാൻ വേണ്ടിയാണിത്. പരമോന്നതനായ അല്ലാഹു പറയുന്നു. **"അവനത്രെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സമാധാനം ഇറക്കിയവൻ, അവർക്ക് (മുമ്പേയുള്ള) വിശ്വാസത്തോടൊപ്പം അവരുടെ വിശ്വാസം വർദ്ധിക്കുന്നതിനുവേണ്ടി"** (48:5)

സർവ്വ ശക്തനായ അല്ലാഹു ഹൃദയത്തിൽ ശാന്തിയും സമാധാനവും സൃഷ്ടിക്കുന്നു. വിശ്വാസികളുടെ വിശ്വാസത്തെ വീണ്ടും അരക്കിട്ടു ഉറപ്പിക്കുന്നതിനുവേണ്ടി. വിശ്വാസികളുടെ വിശ്വാസത്തെ വീണ്ടും ഉറപ്പിക്കുന്നതിന്റെ ഫലമായി യുദ്ധാവസരത്തിലും, പ്രയാസാവസരത്തിലും സത്യനിഷേധികൾക്കെതിരിൽ സ്ഥിരചിത്തരായി അവർ നിലകൊള്ളുന്നതിന് വേണ്ടിയാണ്.

അപ്പോൾ, അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനസമാധാനം ഇറക്കികൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നൽകുകയും ചെയ്തു. (48:19)

**"(അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസമാധാനം കൈവരികയുള്ളൂ."** (13:29)

അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ വിശ്വാസികളുടെ ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നു. സർവ്വശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും അകന്ന ഹൃദയങ്ങൾക്ക് പ്രയാസം, ബുദ്ധിമുട്ട്, ഭയം ഇവയാണ് പ്രതിഫലം. ബഹു ദൈവ വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു **" അല്ലാഹുവിനെക്കുറിച്ച് മാത്രം പ്രസ്താവിക്കപ്പെടുമ്പോൾ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാകുന്നു. അവന് പുറമെയുള്ളവരെ സംബന്ധിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ അവർ അതാ സന്തുഷ്ടരാകുന്നു."** (39:46)

അല്ലാഹുവിനെക്കുറിച്ചും അവന്റെ ഏകത്വത്തെക്കുറിച്ചും കേൾക്കുമ്പോൾ അവരുടെ (ബഹുദൈവ വിശ്വാസികളുടെ) ഹൃദയങ്ങൾ അതാ അസ്വസ്ഥമാകുന്നു ; എന്നാൽ വിഗ്രഹങ്ങളെക്കുറിച്ച് പറയപ്പെടുമ്പോൾ അവരുടെ ഹൃദയങ്ങൾ സന്തോഷഭരിതമാകുന്നു. അത് അവരുടെ മുഖത്ത് പ്രകടമാകുന്നതുമാണ്.

സത്യം മനസ്സിലാക്കുകയും അത് സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുകയും ചെയ്യുന്ന വിശ്വാസികളെ അല്ലാഹു (ത) കർശനമായി താക്കീത് ചെയ്തിരിക്കുന്നു. **"അല്ലാഹുവിനെയും (അവനിൽ നിന്ന്) അവതരിച്ച സത്യത്തെയും ഓർത്ത് തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടാനും, മുമ്പൊരു കൂട്ടർക്ക് ഗ്രന്ഥം നൽകപ്പെട്ടിട്ട് അവർക്ക് കാലം ദീർഘിക്കുകയും അങ്ങനെ, അവരിലധികംപേരും ആജ്ഞാലംഘകരായിരിക്കെ അവരുടെ ഹൃദയങ്ങൾ കടുത്തു പോവുകയും ചെയ്തവരെപ്പോലെ ആകാതിരിക്കാനും സത്യവിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ ?"** (57:17)

ഹസ്രത് അബ്ദുല്ലാഹ് ഇബ്ന് മസൂദ് (റ) റിപ്പോർട്ട് ചെയ്യുന്നു. **" ഈവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു (ത) യുടെ കർശന ശാസനയ്ക്കും, അവരുടെ ഇസ്‌ലാമത സ്വീകരണത്തിനുമിടയിലുള്ള കാലയളവ് 4 വർഷമായിരുന്നു."**

അല്ലാഹു(ത) പറയുന്നു. **" അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുകയും അവന്റെ വചനങ്ങൾ അവർക്ക് ഓതികേൾപ്പിക്കപ്പെട്ടാൽ അത് അവർക്ക് വിശ്വാസത്തെ വർധിപ്പിക്കുകയും, തങ്ങളുടെ നാഥനിൽ (സർവസ്വവും) അർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് (യഥാർത്ഥ) വിശ്വാസികൾ"** (8:3) മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. **"അറിയുക. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസമാധാനം കൈവരികയുള്ളൂ."**(13:29)

മുകളിൽ സൂചിപ്പിക്കപ്പെട്ട രണ്ട് വചനങ്ങൾ ഗ്രഹിക്കുന്നതിൽ ഒരാൾക്ക് പ്രയാസം നേരിടാം. ഒരു സന്ദർഭത്തിൽ അല്ലാഹുവിനെ ഓർക്കുമ്പോൾ ഭയം ഉണ്ടാകുന്നു. മറ്റൊരു സന്ദർഭത്തിൽ അല്ലാഹുവിനെ ഓർക്കുമ്പോൾ സമാധാനം കണ്ടെത്തുന്നു. യഥാർത്ഥത്തിൽ ഇവ തമ്മിൽ പൊരുത്തക്കേടൊന്നുമില്ല. ഭയം ഉണ്ടാകുന്നത് ശിക്ഷയെക്കുറിച്ച് ഓർക്കുന്നത് കൊണ്ടാണ്. എന്നാൽ ഹൃദയ സമാധാനം കണ്ടെത്തുന്നത് വിശ്വാസപരമായ ഉറപ്പുകൊണ്ടാണ്. ഭയവും പ്രതീക്ഷയും ഏക വേദിയിൽ വിശദീകരിക്കുന്ന ഒരു വചനം കാണുക.

**"അല്ലാഹു ഏറ്റവും വിശിഷ്ടമായ വചനത്തെ – പരസ്പരം സാദൃശ്യമുള്ളതും (വിവിധ രീതികളിൽ) ആവർത്തിക്കപ്പെടുന്നതുമായ (വചനങ്ങൾ ഉൾക്കൊള്ളുന്ന) ഒരു ഗ്രന്ഥത്തെ – അവതരിപ്പിച്ചിരിക്കുന്നു. അത്**

**മുഖേന തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾക്ക് രോമാഞ്ചമുണ്ടാകുന്നു. പിന്നീട് അവരുടെ തൊലികളും, ഹൃദയങ്ങളും മൃദുവായിക്കൊണ്ട് അല്ലാഹുവിന്റെ സ്മരണയിലേക്ക് ചായുന്നു. ഇതാണ് അല്ലാഹുവിന്റെ മാർഗ്ഗദർശനം. അതുമുഖേന അവൻ ഇച്ഛിക്കുന്നവരെ അവൻ നേർവഴിയിൽ നയിക്കുന്നു. അല്ലാഹു ഏതൊരുവനെപ്പറ്റി വഴിപിഴച്ചവനാണെന്ന് തീരുമാനിക്കുന്നുവോ അവന് ഒരു വഴികാട്ടിയും ഉണ്ടാവുകയില്ല.''** (39:24)

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഓർക്കുന്നതുകൊണ്ടാണ് ഭയം ഉണ്ടാകുന്നത് ; എന്നാൽ അല്ലാഹുവിനെ ഓർക്കുന്നതിലൂടെ മഹത്തായ പ്രതിഫലങ്ങളുടെ പ്രതീക്ഷകൾ ഉടലെടുക്കുന്നു. അപ്പോൾ ഭയം പ്രതീക്ഷകൾക്ക് വഴിമാറുകയും അവ ശാന്തിയിലേക്കും സമാധാനത്തിലേക്കും വഴി നടത്തുകയും ചെയ്യുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിൽ മാത്രമാണ് ഈ മാറ്റം സൃഷ്ടിക്കപ്പെടുന്നത്. ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. **''അല്ലാഹുവിന്റെ ശിക്ഷയെ ഒരാൾ ഭയപ്പെടുമ്പോൾ അവന്റെ പാപങ്ങളെല്ലാം, ഒരു വൃക്ഷത്തിൽ നിന്നും ഉണങ്ങിയ ഇലകൾ കൊഴിഞ്ഞു പോകുന്നതുപോലെ, കൊഴിഞ്ഞു പോകുന്നതാണ്.''**

ഹസ്രത് ഖത്താദ: (റ) പറയുന്നു. **''ദൈവീക മനുഷ്യരുടെ ഗുണഗണങ്ങളെക്കുറിച്ചാണ് അല്ലാഹു (ത) ഇവിടെ പ്രതിപാദിക്കുന്നത്. അവർ അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുന്നു.; എന്നാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ ഹൃദയ സമാധാനം ആർജ്ജിക്കുന്നു.''** അവരുടെ ഇന്ദ്രിയ ശക്തികളെല്ലാം നശിച്ചു പോകും; അവരുടെ അവസ്ഥയെ മാറിപോകും എന്നൊന്നും അല്ലാഹു പറഞ്ഞിട്ടില്ല. ഇവയൊക്കെ നൂതന സൃഷ്ടികളും പിശാചിന്റെ സ്വാധീനങ്ങളുമാണ്.

താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു (ത) തന്റെ അനുഗ്രഹീത ദാസന്മാരുടെ അവസ്ഥ വർണ്ണിക്കുന്നു. **'' തങ്ങളുടെ നാഥങ്കലേക്ക് മടങ്ങി ചെല്ലുന്നവരാണെന്ന കാരണത്താൽ ഹൃദയം ഭയപ്പെട്ടുകൊണ്ട് തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും''**

**''അവർ നന്മകൾ ചെയ്തു. അവരുടെ പ്രവർത്തനങ്ങൾ തിരസ്ക്കരിക്കപ്പെടുന്നത് അവർ ഭയപ്പെട്ടു. ആയിശ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു അവർ തിരുദൂതരോട് ചോദിച്ചു. അല്ലയോ അല്ലാഹുവിന്റെ ദൂതരേ ! മുകളിൽ പറഞ്ഞ വചനം കൊണ്ട് ഉദ്ദേശിക്കുന്നത് മദ്യപിക്കുകയും, കപട മാർഗ്ഗത്തിലൂടെ കൈവശപ്പെടുത്തുകയും ചെയ്തവരുടെ കാര്യമാണോ ? അല്ലാഹുവിന്റെ ദൂതൻ മറുപടി നൽകി. സിദ്ദീഖിന്റെ മകളെ ! അതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യതാനുഷ്ഠാനം ചെയ്യുകയും, ദാനധർമ്മങ്ങൾ കൊടുക്കുകയും, തങ്ങളുടെ പ്രവർത്തനങ്ങൾ തിരസ്ക്കരിക്കുന്നത് ഭയപ്പെടുകയും ചെയ്യുന്നവരുടെ കാര്യമാണ്. അവരാണ് നന്മയിൽ മുൻ കടക്കുന്നത്..... ''**

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ ! എന്റെ വെള്ളിയാഴ്ച പ്രഭാഷണത്തിന്റെ വിഷയം വളരെ വലുതാണ്. ആയതിനാൽ ഇന്ന് ഇത് ഇവിടെ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ചയും ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായി എന്റെ റബ്ബിനോട് ഞാൻ പ്രാർത്ഥിക്കുന്നു. ഇന്ന് ചെയ്ത പ്രഭാഷണവും ഇതേ വിഷയത്തിൽ മുമ്പ് ചെയ്ത പ്രഭാഷണങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ പ്രഭാഷണ വാക്കുകൾ അല്ലാഹു, താൻ തന്നെ ഇറക്കിയതും ആയത് ദൈവീക മഴ വർഷിക്കുന്നതുപോലെ എന്നിലേക്ക് പെയ്തിറങ്ങുകയുമായിരുന്നു എന്നതിൽ എനിക്ക് അശേഷം സംശയമില്ല. ഇത് വിവിധ ഭാഷകളിൽ പുസ്തകരൂപത്തിലാക്കുവാൻ എന്റെ അനുയായികളെ അല്ലാഹു (ത) സഹായിക്കുമെന്ന് എനിക്കുറപ്പുണ്ട്. തദ്വാര എല്ലാവർക്കും ഇത് പ്രയോജനകരമായി തീരുന്നതാണ്. ഇൻശാ അല്ലാഹ് !.

ഇൻശാ അല്ലാഹ് ! ഈ മഹത്തായ യജ്ഞത്തിൽ അല്ലാഹു (ത) അവരെയെല്ലാവരെയും അനുഗ്രഹിക്കട്ടെ ! ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്റെ പ്രിയ അനുയായികളെ അല്ലാഹു സഹായിക്കട്ടെ ! അവർ ദൈവമാർഗ്ഗത്തിൽ നേരിടുന്ന പരീക്ഷണങ്ങളെയും പ്രയാസങ്ങളെയും അതിജീവിക്കുവാൻ അവൻ തുണയ്ക്കട്ടെ ! ഈ നൂറ്റാണ്ടിലെ ദൈവീക പ്രതിഭാസത്തിലൂടെ അവർക്ക് ഹൃദയ സമാധാനം ലഭിക്കുമാറാകട്ടെ ! ഈ ശാശ്വത സമാധാനം ദൈവീക സഹായത്തോടെ കരസ്ഥമാക്കുവാൻ അല്ലാഹു അവരെ പ്രാപ്തമാക്കട്ടെ ! ആമീൻ.

# PART - 4

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹു (ത) എനിക്ക് വീണ്ടും തൗഫീഖ് ചെയ്തിരിക്കുന്നു; അറിവ് പ്രദാനം ചെയ്തിരിക്കുന്നു. **"ഹൃദയത്തെ"** കുറിച്ചുള്ള വെള്ളിയാഴ്ച പ്രഭാഷണത്തിന്റെ നാലാം ഭാഗം തുടരുന്നതിനായി.

**"ഈമാന്റെ"** വാസസ്ഥലമാകുന്നു ഹൃദയം. ഒരാൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചാൽ, അവന്റെ ഹൃദയത്തിൽ അണുകിടപോലും കുഫ്റും നിഫാഖും അവശേഷിച്ചിട്ടില്ലെങ്കിൽ ; അത്തരത്തിലുള്ള വ്യക്തിക്ക് ഒരിക്കലും ഒരവിശ്വാസിയായി മാറുവാൻ കഴിയുകയില്ല. ഒരു അവിശ്വാസിക്കും സ്വാത്വികനാകാൻ സാധിക്കുകയില്ല ; അഥവാ ഖുർ ആന്റെയും റസൂലുല്ലായുടെ സുന്നത്തിനെയും പിന്തുടരുന്നവനാകുവാൻ കഴിയുകയില്ല. അല്ലാഹു (ത) പറയുന്നു.

**"അല്ലാഹു ഒരാൾക്കും അയാളുടെ ഉള്ളിൽ രണ്ട് ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല."** (33:5)

മുകളിൽ സൂചിത വചനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത് ഒരു പ്ലാറ്റ് ഫോമിൽ രണ്ട് എതിർ ആശയങ്ങൾ സാധ്യമല്ല; ഒരു ശരീരത്തിൽ രണ്ട് ഹൃദയങ്ങൾ രൂപപ്പെടാത്തതുപോലെ. ഒരു യഥാർത്ഥ മുസ്‌ലീം സൗഹൃദം സ്ഥാപിക്കുന്നത് അല്ലാഹുവിന്റെ സ്നേഹിതരുമായിട്ടായിരിക്കും. അതുപോലെ അല്ലാഹുവിന്റെ ശത്രുക്കളിൽ നിന്നും അവൻ അകന്നു കഴിയുകയും ചെയ്യും. ഹൃദയത്തിന് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം ഉള്ളതിനാൽ, അതിൽ ഉള്ളത് മാത്രമേ പരിഗണനയ്ക്ക് എടുക്കുകയുള്ളൂ. ഒരു ഹദീസിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. റസൂൽ (സ) പറഞ്ഞിരിക്കുന്നു. **" അല്ലാഹു നിങ്ങളുടെ ബാഹ്യ രൂപത്തെയോ, നിങ്ങളുടെ ധനത്തെയോ പരിഗണിക്കുന്നില്ല ; മറിച്ച്, നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെയും നിങ്ങളുടെ പ്രവർത്തനങ്ങളെയുമാണ് പരിഗണിക്കുന്നത് ".**

**"ഈമാന്റെ"** വാസസ്ഥലമാണ് ഹൃദയം. വിശ്വാസികളാണെന്ന് അവകാശപ്പെടുകയും എന്നാൽ അവരുടെ ഹൃദയങ്ങളിൽ **" ഈമാൻ"** ഇല്ലാതിരിക്കുകയും ചെയ്യുന്നവരോട് അല്ലാഹു (ത) ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു.

**"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദവികൾ പറയുന്നു. പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ മുസ്‌ലീംമായിരിക്കുന്നു എന്നു പറയുക. നിങ്ങളുടെ ഹൃദയങ്ങളിൽ ഇതേ വരെ സത്യവിശ്വാസം കടന്നിട്ടില്ല."** (49:15)

അല്ലാഹു (ത) വീണ്ടും പറയുന്നു.

**"അല്ലാഹുവിൽ വിശ്വസിച്ചതിനു ശേഷം വല്ലവരും നിഷേധിക്കുന്നതായാൽ – തന്റെ ഹൃദയം സത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ച് ഉറച്ചിരിക്കെ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽ നിന്ന് ഒഴിവാണ് – നേരെ മറിച്ച് തുറന്ന ഹൃദയത്തോടുകൂടി തന്നെ അവൻ സത്യത്തെ നിഷേധിച്ചാൽ അവരുടെ മേൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപമുണ്ട്. അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്."** (16:107)

ഹൃദയ കാഠിന്യം എന്നത് ഒരു പ്രത്യേക രീതിയിലുള്ള നിർബന്ധ ബുദ്ധിയാണ്. അല്ലാഹുവിന്റെ വചനങ്ങളെ അവർ നിരസിക്കുന്നു. നന്മ നിറഞ്ഞ ഉപദേശങ്ങൾ, അവരുടെ ഹൃദയങ്ങൾ സ്വീകരിക്കുകയില്ല. അല്ലാഹു (ത) ബനീ ഇസ്രായീലുകളെ സംബന്ധിച്ച് പറയുന്നു. **" അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്തു പോയി. അങ്ങനെ അത് പാറക്കല്ലുകൾ കണക്കെയോ അതിനേക്കാൾ കഠിനമോ ആയിരിക്കുകയാണ്."** (2:75)

മൃദുല ഹൃദയം എന്നു പറയുന്നത് അല്ലാഹുവുമായി സാമീപ്യം കരസ്ഥമാക്കുന്ന ഹൃദയങ്ങളാകുന്നു ; കഠിന ഹൃദയം എന്നു പറയുന്നത് അല്ലാഹുവുമായി അകലം പ്രാപിക്കുന്ന ഹൃദയങ്ങളാകുന്നു. തിരുദൂതർ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. **"അല്ലാഹു (ത) തന്റെ സാധനങ്ങൾ നിറച്ച പെട്ടി വച്ചിരിക്കുന്നത് ഈ പ്രപഞ്ചത്തിൽ വസിക്കുന്ന ജന ഹൃദയങ്ങളിലാണ്. നിങ്ങളുടെ രക്ഷിതാവിന്റെ പെട്ടി സത്യാത്മക്കളുടെ ഹൃദയങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. സൗമ്യപ്രകൃതമുള്ള ഹൃദയങ്ങളെയാണ് അല്ലാഹു ഏറ്റവുമധികം സ്നേഹിക്കുന്നത്".**

ഒരു മനുഷ്യന് നൽകപ്പെടുന്ന ഏറ്റവും വലിയ ശിക്ഷ കഠിന ഹൃദയമാണ്. ഒരു ജനതയെ അല്ലാഹു വെറുത്താൽ അവരുടെ ഹൃദയങ്ങളിലുള്ള അനുകമ്പ എന്ന വികാരത്തെ അവൻ നീക്കം ചെയ്യുന്നു.

അവിശ്വാസികളുടെ ഹൃദയങ്ങളിൽ അവൻ സീല് വച്ചിരിക്കുന്നു എന്ന് അല്ലാഹു (ത) പറഞ്ഞിരിക്കുന്നു.

**"(സത്യത്തെ മനപൂർവ്വം) നിഷേധിച്ചവരാരോ, അവർക്ക് നീ മുന്നറിയിപ്പു നൽകുന്നതും നൽകാതെ ഇരിക്കുന്നതും അവരെ സംബന്ധിച്ചിടത്തോളം സമമാണ്. (ഈ സ്ഥിതിക്ക് മാറ്റം വരുത്തന്നതുവരെ) അവർ വിശ്വസിക്കുകയില്ല. അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്ര വച്ചിരിക്കുന്നു. അവരുടെ കണ്ണുകളിന്മേൽ ഒരു മറയുണ്ട്. അവർക്ക് കഠിന ശിക്ഷയുമുണ്ടായിരിക്കുന്നതാണ്. "** (2:7 – 8)

ഹൃദയം ഒരു ഉറവിടമാകുന്നു. ; ഉദ്ദേശ്യങ്ങളുടെ ഉറവിടവും അതു തന്നെ. ഉദ്ദേശ്യങ്ങൾക്കനുസൃതമായിട്ടാണ് പ്രതിഫലം നല്കപ്പെടുന്നത്. നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതും ഈ ഉദ്ദേശ്യങ്ങൾക്കനുസൃതമായിരിക്കും. അല്ലാഹു (ത) പറയുന്നു.

**" നിങ്ങളുടെ ശപഥങ്ങളിലെ നിരർത്ഥകമായതിനെ സംബന്ധിച്ച് നിങ്ങളെ അല്ലാഹു ശിക്ഷിക്കുകയില്ല. പക്ഷെ, നിങ്ങളുടെ ഹൃദയങ്ങൾ (ബോധപൂർവ്വം) സമ്പാദിച്ചതിന് അവൻ നിങ്ങളെ ശിക്ഷിക്കുന്നതാണ്. അല്ലാഹു സർവ്വഥാ പൊറുത്തു കൊടുക്കുന്നവനും, സഹിഷ്ണുതയുള്ളവനുമാകുന്നു".** (2:226)

ഉദ്ദേശ്യങ്ങൾക്കനുസൃതമായിട്ടാണ് കണക്ക് ബോധിപ്പിക്കേണ്ടി വരുന്നത്. ഹൃദയമാണ് ഉദ്ദേശ കേന്ദ്രം. അല്ലാഹു (ത) പറയുന്നു.

**"എന്നാൽ, നിങ്ങൾക്ക് (ഈ വിഷയത്തിൽ മുമ്പേ) തെറ്റുപറ്റി പോയതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. പക്ഷേ, നിങ്ങൾ മനഃപൂർവ്വം പ്രവർത്തിച്ചതാണ് (കുറ്റകരം) അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു."** (33:6)

അല്ലാഹുവിന്റെ ഏറ്റവും നല്ലതും വിലയുള്ളതുമായ സമ്മാനം നന്ദിയുള്ള ഹൃദയവും, അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന നാവുമാകുന്നു. തിരുനബി (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. **"നന്ദി രേഖപ്പെടുത്തുന്ന ഒരു ഹൃദയം, അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന ഒരു നാവ് ഈ ലോകത്തും നാളെ പരലോകത്തും നിങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന സ്വാതികയായ ഭാര്യ, ഇത് വളരെ വിലപിടിപ്പുള്ള നിധി തന്നെയാണ്."**

ഓരോ ഹൃദയങ്ങളിലും മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെക്കുറിച്ച് അല്ലാഹു തികച്ചും ബോധവാനാണ്. വിശ്വാസികളെ അവൻ ഉപദേശിക്കുന്നു. അല്ലാഹു (ത) പറയുന്നു.

**"നിങ്ങൾ അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷ്മമായി പാലിക്കുക. തീർച്ചയായും അല്ലാഹു ഹൃദയങ്ങളിലുള്ളത് നല്ലപോലെ അറിയുന്നവനാണ്."** (5:8) **" നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിയുന്നു. അല്ലാഹു സർവ്വജ്ഞനും സഹനശീലനുമാണ്."** (33:52)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **" അവരുടെ ഹൃദയങ്ങളിലുള്ള (രഹസ്യം) അല്ലാഹു അറിയുന്നു. അതിനാൽ നീ അവരിൽ നിന്നും വിട്ടുമാറുകയും അവരെ ഉപദേശിക്കുകയും, അവരുടെ ഉള്ളിൽ തട്ടുന്ന വാക്കുകൾ അവരോടു പറയുകയും ചെയ്യുക."** (4:64)

താക്കീത്, ഉപദേശം, മുന്നറിയിപ്പ് ഇവ ഹൃദയം സ്വീകരിക്കുന്നതാണ്. അല്ലാഹു (ത) പറയുന്നു.

**"നിന്നിലേക്ക് (നീ പറയുന്നത്) ശ്രദ്ധിച്ചു കേൾക്കുന്ന ചിലരും അവരിലുണ്ട്. എന്നാൽ, അവർക്ക് അതു മനസ്സിലാവാത്തവണ്ണം അവരുടെ ഹൃദയങ്ങളിന്മേൽ മറകളും അവരുടെ കാതുകളിൽ അടപ്പും നാം ഇട്ടിരിക്കുന്നു."**(6:26)

അവരുടെ ഹൃദയങ്ങളിൽ മറകൾ ഇട്ടിരിക്കുന്നതിനാൽ, അവർ ഉപദേശം സ്വീകരിക്കുകയോ മുന്നറിയിപ്പ് അംഗീകരിക്കുകയോ ചെയ്യുകയില്ല.

**" സത്യമായും ജിന്നിൽ നിന്നും ഇൻസിൽ നിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യാവസാവനം നരകമാകുമാറ്. നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്. (പക്ഷേ) അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല; അവർക്ക് കണ്ണുകളുണ്ട്. (പക്ഷെ) അവ കൊണ്ട് അവർ കാണുന്നില്ല ! അവർക്ക് കാതുകളുണ്ട് ! (പക്ഷെ) അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ് ; അല്ല ! അവർ അവയെക്കാളും വഴിപിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ."** (7:180)

ഇവർ മാർഗ്ഗദർശനത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നവരല്ല. ; അംഗീകരിക്കുന്നവരല്ല; ഹൃദയം കൊണ്ട് ചിന്തിക്കുന്നവരുമല്ല. അല്ലാഹു (ത) പറയുന്നു.**" എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. ; പക്ഷെ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്. "** (22:47)

ഇന്ന്, ഈ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനായി ഞാൻ എന്റെ റബ്ബിന്റെ തൗഫീഖിനായി പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് !

ഈ ദു ആ യോട് ഞാൻ അവസാനിപ്പിക്കുന്നു. "എന്റെ രക്ഷിതാവേ ; പാപമോചനത്തിനായി അർത്ഥിക്കുന്നവരോടൊപ്പം എന്നെയും ഉൾപ്പെടുത്തേണമേ! നിന്റെ സ്വാത്വികരായ, അനുസരണയുള്ള ദാസന്മാരോടൊപ്പം എന്നെയും ചേർക്കേണമേ ! നിന്റെ കാരുണ്യത്താൽ നിന്റെ അടുത്ത സ്നേഹിതരിൽ എന്നെയും ഉൾപ്പെടുത്തണേമേ ! കരുണാവാരിധികളിൽ വച്ച് ഏറ്റവും വലിയ കരുണാവാരിധിയായവനെ ! പ്രാർത്ഥന സ്വീകരിച്ചാലും !

# ***PART - 5***

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്. **'ഹൃദയം'** എന്ന വിഷയത്തിൽ എന്റെ ജുംആ ഖുത്തുബ തുടരുകയാണ്. ഇതേ വിഷയത്തിലെ 5-ാ മത്തെ ആഴ്ചയാണ് ഇന്ന്. നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്.

**ഹൃദയത്തിന്റെ സ്ഥാനം**

ഉദ്ബോധനങ്ങളും, ഉപദേശങ്ങളും സ്വീകരിക്കുന്ന കേന്ദ്രം എന്ന നിലയിലും അച്ചുതണ്ട് എന്ന നിലയിലും ഹൃദയത്തിന് വലിയ സ്ഥാനമുണ്ട്. ആയതിനാൽ ഹൃദയത്തിന് നല്ല സംരക്ഷണവും, മുൻകരുതലും എടുക്കേണ്ടതാണ് എന്ന് മുസ്‌ലീംകൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഹൃദയത്തിന് അധികഭാരം നൽകരുതെന്നും ഉപദേശിക്കപ്പെട്ടിരിക്കുന്നു.

**ഹൃദയത്തിന് വിശ്രമം ആവശ്യമാണ്**

തിരുദൂതർ (സ) പറഞ്ഞു. **"നിങ്ങളുടെ ഹൃദയത്തിന് നിങ്ങൾ വിശ്രമം അനുവദിക്കുക. കാരണം നിങ്ങളുടെ മറ്റു അവയവങ്ങൾ ക്ഷീണിക്കുന്നതുപോലെ അതും ക്ഷീണിക്കുന്നതാണ് ".**

**ഹൃദയത്തെ എങ്ങനെ ശുദ്ധീകരിക്കാം ?**

അല്ലാഹു (ത) യെ അനുസരിക്കുന്നതിലൂടെയും, ആരാധിക്കുന്നതിലൂടെയും ഹൃദയത്തിന്റെ പരിശുദ്ധി കാത്തു സൂക്ഷിക്കുവാൻ സാധിക്കുന്നതാണ്.

**ഹൃദയം എങ്ങനെയാണ് അശുദ്ധമാകുന്നത് ?**

അല്ലാഹു (ത) യെ അനുസരിക്കാത്തതിലൂടെ ഹൃദയം അശുദ്ധവും അനാരോഗ്യപൂർണ്ണവുമാകുന്നു. കപടവിശ്വാസികൾ / അവിശ്വാസികൾ വിശുദ്ധഖുർആൻ എന്തു പറയുന്നു :-

**"ഓ ദൈവദൂതാ ! തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതെ, അവരുടെ വായകൾ കൊണ്ട്, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. എന്നു പറഞ്ഞവരിൽ നിന്ന് അവിശ്വാസത്തിലേക്ക് ധൃതിപ്പെട്ടുചെല്ലുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. യഹൂദന്മാരിലും ചിലർ കള്ളമായ കാര്യങ്ങൾ വളരെ കേൾക്കുന്നവരാണ്; നിന്റെയടുക്കൽ വന്നിട്ടില്ലാത്ത മറ്റൊരു കൂട്ടർക്കുവേണ്ടി അവർ കേൾക്കുന്നവരാണ്. അവർ വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ വയ്ക്കപ്പെട്ട ശേഷം (അവ) തെറ്റിച്ചു കളയുന്നു. ഇത് നിങ്ങൾക്ക് നൽകപ്പെട്ടാൽ അത് സ്വീകരിക്കുക, ഇത് നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ ജാഗ്രതയിലായിരിക്കുക. എന്നവർ പറയുന്നു. ആരെയെങ്കിലും അല്ലാഹു പരീക്ഷിക്കുന്നതിന് ഉദ്ദേശിച്ചാൽ അല്ലാഹുവിനെതിരിൽ അയാൾക്കുവേണ്ടി നിനക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത കൂട്ടരാണവർ. അവർക്ക് ഇഹലോകത്ത് നിന്ദ്യതയുണ്ട്. പരലോകത്ത് അവർക്ക് കടുത്ത ശിക്ഷയുമുണ്ടായിരിക്കും. (5:42)"**

നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന്റെ മുമ്പാകെ വിവരിക്കപ്പെടുമ്പോൾ അവൻ പറയും **"ഇത് പൂർവ്വീകരുടെ പഴങ്കഥകളാണ്. ഒരിക്കലുമല്ല (ആ ധാരണ ശരിയല്ല) പക്ഷേ അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു."** (83: 14 – 15)

**ഹൃദയത്തിലെ കറുത്തപുള്ളി**

ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. തിരു ദൂതർ (സ) പറഞ്ഞു. **"ഒരു മനുഷ്യൻ ഒരു തെറ്റു ചെയ്യുമ്പോൾ, അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളി പ്രത്യക്ഷപ്പെടുന്നു. അവൻ പശ്ചാത്തപിക്കുകയും തെറ്റ് ചെയ്യുന്നതിൽ നിന്ന് പിൻവാങ്ങുകയും ചെയ്താൽ അവന്റെ ഹൃദയം ശുദ്ധമായി തീരുന്നതാണ്. വീണ്ടും അവൻ ആ തെറ്റു ചെയ്താൽ അവന്റെ ഹൃദയത്തിൽ മറ്റൊരു പുള്ളി പ്രത്യക്ഷപ്പെടുന്നു. അങ്ങനെ ഒടുവിൽ അവന്റെ ഹൃദയം പൂർണ്ണമായും കറുത്ത പുള്ളികളാൽ മറയപ്പെടുന്നതാണ്".** താഴെപ്പറയുന്ന വിശുദ്ധ ഖുർആൻ വചനത്തിന്റെ സാരം അതാകുന്നു. **"അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു."** (83:15) (തിർമിദി) ഈ ദൈവീക വചനം കൊണ്ട് അർത്ഥമാക്കുന്നത് ; അനുസരണമില്ലായ്മയും പാപവും അവരുടെ ഹൃദയങ്ങളുടെ എല്ലാ വശങ്ങളെയും ആവരണം ചെയ്തിരിക്കുന്നുവെന്നുസാരം.

**പുരുഷന്മാർ സ്ത്രീകളുമായി സംസാരിക്കേണ്ടി വരുമ്പോൾ:-**

പുരുഷന്മാർ സ്ത്രീകളുമായി ഇടപഴകേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നു.

**"നബിയുടെ ഭാര്യമാരോട് വല്ല സാധനവും നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം മറയുടെ പിന്നിൽ നിന്ന് അവരോട് ആവശ്യപ്പെടുക. നിങ്ങളുടെയും അവരുടെയും ഹൃദയങ്ങൾക്ക് ഏറ്റവും പരിശുദ്ധമായ മാർഗ്ഗം അതാണ്. "** (33:54)

**സ്ത്രീകൾ ജാഗ്രത പാലിക്കുക**

ഓഫീസുകൾ, മാർക്കറ്റുകൾ തുടങ്ങിയ ഇടങ്ങളിൽ പുരുഷന്മാരുമായി സ്വതന്ത്രമായി ഇടപെടേണ്ടിവരുന്ന സ്ത്രീകൾ, ഈ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. പുരുഷന്മാർ തങ്ങളുടെ ഭാര്യന്മാരെ, അന്യപുരുഷന്മാരുമായി ഇടപഴകുന്നതിന് അനുവദിക്കുമ്പോൾ, അവരും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. പുരുഷന്മാർക്കാണ് തങ്ങളുടെ ഭാര്യമാരുടെ ഉത്തരവാദിത്വം. ഖിയാമത്തു ദിനത്തിൽ, തങ്ങളുടെ ഭാര്യമാരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുരുഷന്മാർ ചോദിക്കപ്പെടുന്നതാണ്. ! വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **"വിശ്വസിച്ചവരെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ഒരഗ്നിയിൽ നിന്ന് കാത്തുരക്ഷിച്ചുകൊള്ളുക. അതിന്റെ ഇന്ധനം ചില മനുഷ്യരും ചില കല്ലുകളുമാകുന്നു. അതിന്റെ മേൽനോട്ടക്കാർ നിർദയരും നിഷ്ഠൂരരുമായ ചില മലക്കുകളത്രെ ! അല്ലാഹു അവരോട് കൽപ്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു."** (66:7)

**പർദ്ദാ ആചരണം സമുദായ പുരോഗതിയ്ക്ക്**

പർദ്ദ ആചരിക്കുന്നതിലൂടെ സമുദായം പാതിവ്രത്യമുള്ളതും പരിശുദ്ധമായതുമായി മാറുന്നുവെന്ന് ജനങ്ങൾ മനസ്സിലാക്കണം. പർദ്ദ ആചരണം ഇല്ലാതെ, സ്വതന്ത്ര സ്ത്രീ- പുരുഷ ഇടപഴകലും, നഗ്നതയും അത് പ്രകടിപ്പിക്കുവാനുള്ള ഇച്ഛയും ഓരോ സമൂഹത്തെയും നശിപ്പിക്കുകയും, സമൂഹത്തിൽ ഉണ്ടായിരിക്കുന്ന നന്മയും അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തി കളയുകയും ചെയ്യുന്നു.

ഹൃദയത്തിന്റെ അവസ്ഥയക്കനുസരിച്ചായിരിക്കും മറ്റ് അവയവങ്ങളുടെ നവീകരണം. ഹൃദയം പരിശുദ്ധവും, സമ്പൂർണ്ണവുമാണെങ്കിൽ എല്ലാ അവയവങ്ങളും പരിശുദ്ധമായിരിക്കും. ഹൃദയത്തിൽ അശുദ്ധതയും, തിന്മയും ഉണ്ടെങ്കിൽ, മറ്റ് അവയവങ്ങളും അശുദ്ധതകളാലും തിന്മകളാലും നിറഞ്ഞിരിക്കും. ഹൃദയ നവീകരണം മറ്റ് അവയവങ്ങളുടെ നവീകരണത്തിന് ഹേതുകമാണ്. പ്രവാചകർ (സ) പറഞ്ഞു. **" മനുഷ്യ ശരീരത്തിൽ ഒരു മാംസ കഷ്ണമുണ്ട്. അതു നന്നായാൽ ശരീരം മുഴുവൻ നന്നാകുന്നതാണ്. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയാകുന്നതാണ്. അറിയുക. അത് ഹൃദയമാകുന്നു ". (ബുഖാരി, മുസ്ലീം)**

## ഹൃദയത്തെ പ്രകാശഭരിതമാക്കുക.

ഹൃദയത്തെ പരിശുദ്ധമായി സംരക്ഷിച്ചാൽ, അതിനെ അനുസരണയാലും ആരാധനയാലും പ്രകാശപൂരിതമാക്കിയാൽ, അത്തരം ഹൃദയങ്ങൾക്ക് നല്ലതും ചീത്തയായതും തമ്മിൽ വേർതിരിച്ചറിയുവാൻ സാധിക്കുന്നതാണ്. അത്തരം ഹൃദയങ്ങളിൽ സംശയം ഉടലെടുക്കുന്നതല്ല. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. **"നല്ലതും നന്മ നിറഞ്ഞതുമായ പ്രവർത്തനങ്ങൾ ഹൃദയത്തിന് സമാധാനം നൽകുന്നതാണ്. മറിച്ച് തിന്മയായ പ്രവർത്തനങ്ങൾ ഹൃദയത്തിലെ സ്വസ്ഥതയും സമാധാനവും ഇല്ലാതാക്കുന്നു".**

## സൗഭാഗ്യപൂർണ്ണവും വിജയദായകങ്ങളുമായ ഹൃദയങ്ങൾ :-

സൗഭാഗ്യപൂർണ്ണവും വിജയദായകങ്ങളുമായ ഹൃദയങ്ങൾ എന്നു പറയുന്നത് ; ഈമാൻ ഉൾക്കൊണ്ട ശേഷം, വിജയവും, സൗഭാഗ്യവും ഹൃദയത്തിലൂടെ ആർജ്ജിക്കുന്നു. അങ്ങനെ ഹൃദയത്തെ തിന്മകളിൽ നിന്നും വിപ്ലവങ്ങളിൽ നിന്നും ഫിത്നകളിൽ നിന്നും സംരക്ഷിക്കുന്നു.

ഹസ്രത് ഹുസൈഫ (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. **"വിരിപ്പിൽ ഇഴ നെയ്യുന്നതു പോലെ, ഫിത്ന ഹൃദയത്തിൽ രൂപം കൊള്ളുന്നു. ഹൃദയത്തിൽ ഒരു കറുത്ത അടയാളം പ്രത്യക്ഷമാകുന്നു. അത് ഫിത്നകൾക്ക് കാരണമാകുന്നു. അതുപോലെ ഒരു വെളുത്ത അടയാളം ഹൃദയത്തിൽ പ്രത്യക്ഷമാകുന്നു. എന്നാൽ അത് തിന്മകൾക്ക് ഇടം നൽകുന്നില്ല. അങ്ങനെ ഹൃദയം രണ്ടായി വിഭജിക്കപ്പെടുന്നു."**

ഒന്ന് പരിശുദ്ധമായതും വെളത്തതുമായ ഹൃദയം, അതിൽ ഖിയാമത്തു നാൾവരേക്കും തിന്മകൾ പ്രവേശിക്കുന്നതല്ല. മറ്റൊന്ന് കറുത്ത ഹൃദയമാണ്. അതിൽ ഒരു പെട്ടി രൂപപ്പെട്ടിരിക്കും ; അത് സത് പ്രവർത്തനങ്ങൾ അംഗീകരിക്കുകയില്ല ; തിന്മക്കെതിരിൽ അത് ശബ്ദിക്കുകയുമില്ല. മറിച്ച് അത് തിന്മകൾ മാത്രം അംഗീകരിക്കുന്നു ; ശാരീരിക ഇച്ഛകൾ മാത്രം സ്വീകരിക്കുന്നു . (മുസ്‌ലീം)

## ഹൃദയ ഇനങ്ങൾ

ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. "ഹൃദയങ്ങൾ നാലുതരമുണ്ട്."

1. **ശുദ്ധിയുള്ളതും വൃത്തിയുള്ളതുമായ ഹൃദയം. അതിൽ പ്രകാശം ചുറ്റിലും പ്രസരിക്കുന്നതാണ്. അത് ഒരു വിശ്വാസിയുടെ ഹൃദയമാകുന്നു.**

2. **കറുത്ത ഹൃദയം ഇത് ഒരവിശ്വാസിയുടെ ഹൃദയമാകുന്നു.**
3. **മറയിട്ട ഹൃദയം. ഇത് ഒരു കപടവിശ്വാസിയുടെ ഹൃദയമാകുന്നു.**
4. **വളഞ്ഞ ഹൃദയം. അതിൽ ഈമാനും (വിശ്വാസം) ഉണ്ടായിരിക്കും നിഫാഖും (കപടത) ഉണ്ടായിരിക്കും.**

**ഹൃദയത്തിൽ ഈമാൻ ഉള്ളതിന്റെ ഉദാഹരണം ഫലഭൂയിഷ്ഠമായ ജലസമൃദ്ധമായ പച്ചയണിഞ്ഞ തോട്ടം പോലെയാണ്. നിഫാഖ് (കപടത) ഉള്ളവന്റെ ഉദാഹരണം രക്തവും ചലവും ഒഴുകുന്ന മുറിവ് പോലെയാണ്. ഏതൊന്നാണോ അതിജയിക്കുന്നത് അതനുസരിച്ചായിരിക്കും അവന്റെ വാസസ്ഥലം നിശ്ചയിക്കുന്നത്. (മുസ്നദ് അഹ്മദ്, ത്വബറാനി)**

## ഹൃദയങ്ങൾ അഞ്ചു വിധം

1. **മരണപ്പെട്ട ഹൃദയം**
2. **രോഗബാധിതമായ ഹൃദയം**
3. **ഉപേക്ഷാ ശീലമുള്ള ഹൃദയം**
4. **ജാഗ്രതയുള്ള ഹൃദയം**
5. **സുരക്ഷിതവും ആരോഗ്യപൂർണ്ണവുമായ ഹൃദയം.**

ഇഹലോക കാര്യത്തിൽ മാത്രം മുഴുകി കഴിയുന്ന ഹൃദയം ഒരു പരാജയം തന്നെയാണ്; പരലോക ജീവിതത്തിൽ ഹൃദയം വ്യാപൃതമായിരുന്നാൽ അത് വിജയ പ്രദം തന്നെയാണ്. ദൈവസ്മരണയിൽ വ്യാപൃതമായാൽ, അത് അലിഞ്ഞു ചേരുന്നു.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ, ഇന്ന് എന്റെ ഖുത്തുബ അവസാനിപ്പിക്കുവാൻ സമയമായി. ഇൻശാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായും അറിവിനായും ഞാൻ അല്ലാഹുവിനോട് ദു ആ ചെയ്യുന്നു. എത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണി

തെന്ന് ചിന്തിക്കുക. നമ്മൾ മുസ്ലീംകൾ നമ്മുടെ ഹൃദയങ്ങൾ സംശുദ്ധമാക്കിയാൽ ഈ ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നതാണ്. അത് മതപരമാകട്ടെ, ഭൗതികമാകട്ടെ, കുടുംബപരമാകട്ടെ വിശ്വാസികളുടെ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം തന്നെയാണ്. ഇൻശാ അല്ലാഹ് ! ആമീൻ.

# ***PART - 6***

സലാമിനു ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! അല്ലാഹു (ത) നമ്മുടെ മതത്തിൽ ചില ദിവസങ്ങളെയും ചില സമയങ്ങളെയും പ്രത്യേകം പ്രാധാന്യമുള്ളതായും പരിശുദ്ധമായതായും തെരഞ്ഞെടുത്തിട്ടുണ്ട്. നിങ്ങളിൽ അധികം പേർക്കും അറിവുള്ളതായിരിക്കും. പരിശുദ്ധമായ മുഹർറം മാസത്തെ സംബന്ധിച്ച് (ഇസ്ലാമിക വർഷാരാംഭമാസമാണ് മുഹർറം) മുസ്ലീം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ റസൂൽ (സ) പറഞ്ഞിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. **"മുഹർറം മാസം അല്ലാഹുവിന്റെ മാസമാകുന്നു."** എന്ന്. 2014 ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച മുഹർറ മാസാരംഭമാകുന്നു. അങ്ങനെ നാം ഹിജ്റ വർഷം 1436 ൽ പ്രവേശിച്ചിരിക്കുകയാണ്. ഈ മാസത്തിലാണ് ഇമാം ഹുസൈൻ (റ) വിനെയും അദ്ദേഹത്തിന്റെ അനുചരന്മാരെയും യസീദിന്റെയും അയാളുടെ പട്ടാളക്കാരുടെയും കരങ്ങളാൽ രക്തസാക്ഷികളാക്കി തീർത്തത്. അതായത് മുഹർറം 10 ന്. അങ്ങനെ മുഹർറം 10 ഹിജ്റ വർഷം 61 ഹൃദയങ്ങൾ കലുഷിതമായ ദിനമായിരുന്നു. ഒരു വിഭാഗം ഇസ്ലാമിന്റെ പവിത്രതയ്ക്കുവേണ്ടി നിലകൊണ്ടപ്പോൾ, മറ്റൊരു വിഭാഗം ഇസ്ലാമിന്റെ വിശുദ്ധതയ്ക്കെതിരിൽ നിലകൊണ്ടു. ഇസ്ലാമിക വൃക്ഷത്തിന്റെ ഹൃദയത്തെ അവർ കുത്തികീറി ; അതിന്റെ അനുപമ സൗന്ദര്യമുള്ള ഫലങ്ങളെ അവർ പിച്ചിചീന്തി, അവർ കഴിയും വിധം എല്ലാ നിലയിലും അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തിക്കളയുവാൻ ശ്രമിച്ചു. എന്നാൽ അല്ലാഹു തന്റെ പ്രകാശത്തെ എല്ലാ നിലയിലും പ്രകാശിപ്പിക്കുവാനും തീരുമാനിച്ചു.

ഈ കുറിപ്പോടെ, ഈ വിഷയം നിറുത്തിയിട്ട്, ഹൃദയം എന്ന വിഷയത്തിന്റെ 6-ാം ഭാഗത്തിലേക്ക് പ്രവേശിക്കുകയാണ്. നമ്മുടെ ഹൃദയം, വൃത്തിയായി, വെളുത്തതായി, പരിശുദ്ധമായി സൂക്ഷിക്കേണ്ടത് എത്രമാത്രം പ്രാധാന്യമർഹിക്കുന്ന കാര്യമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ ? പശ്ചാത്താപത്തിന്റെ ആധിക്യത്തിലൂടെയാണ് ആ പരിശുദ്ധതയാണ് നാം ആർജ്ജിക്കേണ്ടത്. അങ്ങനെയായാൽ നമ്മുടെ ഹൃദയത്തിൽ വെറുപ്പിന്റെ ഒരു പുള്ളിയും അവശേഷിക്കുകയില്ല. അപ്പോൾ മറ്റൊരു യസീദ് പകൽ വെളിച്ചം കാണില്ല. നമ്മുടെ ലക്ഷ്യമായി അത്തരത്തിലുള്ള പരിശുദ്ധയാണ് നമ്മുടെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കേണ്ടത്. **"എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്"** എന്നത് യഥാർത്ഥ സത്യവിശ്വാസികളുടെ ലക്ഷ്യമായിരിക്കും. അപ്പോൾ അവിടെ കാപട്യത്തിനിടമില്ല ; നമ്മുടെ ഹൃദയത്തിൽ പ്രകടനാത്മകത ഉണ്ടായിരിക്കില്ല. നിങ്ങൾക്ക് പതിനായിരക്കണക്കിന് ചൂണ്ടു പലകകൾ നിർമ്മിക്കാം ; സ്റ്റിക്കേഴ്സ് നിർമ്മിക്കാം, ടീ ഷർട്ടുകൾ പ്രിന്റ് ചെയ്യാം **"എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"** എന്ന് എഴുതി വയ്ക്കാം. പക്ഷെ ഇത് വെറുതെ പുറത്തു കാണിക്കുവാനുള്ള വെറും എഴുത്തുകൾ മാത്രമാണ്. പുറമേ കാണിക്കുന്നതിന് മാത്രമാണ് നിങ്ങൾ പ്രാധാന്യം നൽകുന്നത്. നിങ്ങളുടെ ചൂണ്ടു പലകകളെ മനോഹരമാക്കുവാനും, നിങ്ങളുടെ ടീ ഷർട്ടുകളും, സ്റ്റിക്കേഴ്സും അലങ്കരിക്കുവാനുമാണ് ഇത് ഉപയോഗിക്കുന്നത്. ഇത് പുറമെ പ്രകടിപ്പിക്കുമ്പോൾ നിങ്ങളുടെ ഹൃദയങ്ങളിൽ ശത്രുതയുടെ കൂമ്പാരം അടിഞ്ഞുകൂടിയിരിക്കുകയാണ്. നിങ്ങളുടെ മുസ്ലീം സഹോദരീസഹോദരന്മാർക്കെതിരിൽ നിങ്ങൾ നിസ്സഹകരണം ഏർപ്പെടുത്തുകയാണ്. ആയതിനാൽ ഇത് തികച്ചും കപടതയാണ്; രോഗബാധിതമായ ഹൃദയത്തിന്റെ പ്രകടനം മാത്രമാണിത്.

നിശ്ചയം ; ഹൃദയങ്ങളും രോഗബാധിതമാകുന്നതാണ് ! നമ്മുടെ ശരീരം രോഗ ബാധിതമാകുന്നതു പോലെ ; കണ്ണുകളിൽ വക്രത ഉണ്ടാകുന്നതുപോലെ ഹൃദയത്തിലും വക്രതയുണ്ടാകുന്നു. വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു (ത) ഹൃദയ രോഗങ്ങളെ സംബന്ധിച്ച് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**“ ഞങ്ങളുടെ നാഥാ നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുളള കാരുണ്യം പ്രദാനം ചെയ്യേണമേ ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ) ദാതാവ്”** (3:9)

കാഫിരീങ്ങളെ (അവിശ്വാസികൾ) സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

**“അങ്ങനെ അവർ വക്രത കൈക്കൊണ്ടപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രമാക്കി കളഞ്ഞു. ധിക്കാരികളായ ജനതയെ അല്ലാഹു നേർമാർഗ്ഗത്തിൽ നയിക്കുകയില്ല”** (61:6)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് (അവരുടെ) രോഗം വർദ്ധിപ്പിച്ചു. അവർ കള്ളം പറഞ്ഞുകൊണ്ടിരുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്.

അഹ്സാബ് യുദ്ധ വേളയിൽ അല്ലാഹു (ത) പറഞ്ഞു.

**“ഇക്കൂട്ടരെ (മുസ്ലീംകളെ) അവരുടെ മതം വഞ്ചിതാക്കിയിരിക്കുന്നുവെന്ന് കപട വിശ്വാസികളും ഹൃദയങ്ങളിൽ രോഗമുളളവരും പറയുകയായിരുന്നു സന്ദർഭവും (സ്മരിക്കുക)”.** (8:50)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

**“(ഖുർ ആനിലെ) ഒരു അധ്യായം ഇറക്കപ്പെട്ടാൽ ഇത് നിങ്ങളിൽ ആർക്കാണ് ഈമാൻ വർദ്ധിപ്പിച്ചിട്ടുള ളത് ? എന്നു ചോദിക്കുന്ന ചിലർ അവരിലുണ്ട്. എന്നാൽ വിശ്വസിച്ചവരാകട്ടെ, അത് അവർക്ക് ഈമാൻ വർധിപ്പി ച്ചിരിക്കുന്നു. അവർ (അതിൽ) സന്തുഷ്ടരാവുകയും ചെയ്യുന്നു. എന്നാൽ തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള ളവരാകട്ടെ (കപട വിശ്വാസികൾ) അവർക്ക് അത് മാലിന്യത്തിനുമേൽ മാലിന്യം വർധിപ്പിച്ചിരിക്കുന്നു. അവർ സത്യനിഷേധികളായി മരണമടയുകയും ചെയ്യുന്നതാണ്. ”** (9:124 – 125)

കപടതയും സംശയവും ഹൃദയ രോഗങ്ങളാണ്. സംശയത്തെ ഇസ്ലാം നോക്കികാണുന്നത് രോഗമാ യിട്ടാണ്. ഹൃദയത്തിൽ അത് ഉപദ്രവവും അനൈക്യവും സൃഷ്ടിക്കുന്നു. അതുകൊണ്ട് അതിന് ചികിത്സ ആവശ്യമാണ്. ശരീരത്തിലെ രോഗങ്ങൾക്ക് ചികിത്സ ആവശ്യമുള്ളതുപോലെ, ഹൃദയരോഗങ്ങൾക്കും ചികിത്സ ആവശ്യമാണ്. അല്ലാഹു (ത) യുടെയും അവന്റെ റസൂൽ (സ) യുടെയും നിയമങ്ങൾക്ക് കീഴ്പ്പെടാത്ത മനു ഷ്യനിൽ കപടതയുടെയും ഹൃദയ രോഗത്തിന്റെയും അടയാളങ്ങൾ പ്രത്യക്ഷീഭവിക്കുന്നു. അല്ലാഹു (ത) മുനാഫിഖീങ്ങളെ സംബന്ധിച്ച് പറയുന്നു.

**“അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും, അദ്ദേഹം അവർക്കിടയിൽ തീരുമാനം ഉണ്ടാക്കുന്ന തിനായി അവർ വിളിക്കപ്പെട്ടാൽ, അപ്പോഴതാ അവരിൽ നിന്ന് ഒരു വിഭാഗം പിന്തിരിഞ്ഞു പോയിക്കളയുന്നു. അവർക്കവകാശമുണ്ടെങ്കിൽ അവർ അദ്ദേഹത്തിന്റെ അടുക്കലേക്ക് അനുസരണം പുലർത്തിക്കൊണ്ട്, ഉടനെ വരുന്നതാണ്. എന്ത് ? അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ ? അതോ അവർ സംശയിച്ചുവോ ? അല്ലെങ്കിൽ അല്ലാഹുവും അവന്റെ ദൂതനും അവരോട് വല്ല അനീതിയും കാണിക്കുമെന്ന് അവർ ഭയപ്പെടു ന്നുണ്ടോ ? അതൊന്നുമല്ല. വാസ്തവത്തിൽ അവർ തന്നെയാണ് അധർമ്മികൾ. വിശ്വാസികൾക്കിടയിൽ തീരു മാനം കൽപ്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ, ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തു എന്ന് പറയുകമാത്രമായിരിക്കും അവരുടെ മറുപടി അവർ തന്നെ യാണ് വിജയികൾ. ”** (24:49 – 52)

അപരിചിതരായ പുരുഷന്മാരോട് മൃദുലമധുര വാക്കുകളാൽ സംസാരിക്കുന്നതിൽ നിന്നും സ്ത്രീകളെ അല്ലാഹു (ത) വിലക്കിയിരിക്കുന്നു. അതിലൂടെ ദുഷിച്ച ഉദ്ദേശങ്ങളുള്ള പുരുഷന്മാരിൽ നിന്നും സ്ത്രീകൾക്ക് രക്ഷപ്പെടുവാൻ സാധിക്കുന്നതാണ്. ഹൃദയ രോഗമുള്ളവരിൽ നിന്നും, തങ്ങളുടെ ദേഹേച്ഛകൾക്കടിമയിൽപ്പെ ട്ടവരിൽ നിന്നും സ്ത്രീകളുടെ ഈ കർക്കശനിലപാട് മൂലം തങ്ങളെ വഴി തെറ്റിക്കുവാൻ സാധിക്കുകയില്ലാ യെന്നതാണ് ഇതിന്റെ നേട്ടം.

**“പ്രവാചക പത്നിമാരെ, നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നതായാൽ, നിങ്ങൾ അന്യ സ്ത്രീകളിൽ ആരെയും പോലെയല്ല. അതിനാൽ, നിങ്ങൾ സംസാരത്തിൽ മസൃണമാകരുത്. അങ്ങനെ സംസാരിക്കുന്നപക്ഷം ഹൃദയത്തിൽ രോഗമുള്ളവൻ മോഹിച്ചേക്കാം. നിങ്ങൾ മാന്യമായ വാക്ക് പറയുക.”** (33:33)

ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബയിൽ പറഞ്ഞപോലെ, അതായത് അന്യപുരുഷന്മാരുമായി അടിയന്തിരമായും സ്വതന്ത്രമായും ഇടപഴകേണ്ടിവരുന്ന സ്ത്രീകൾ, പലപരിപാടികളിലും, ജോലി സ്ഥല ങ്ങളിലും, കടകളിലും, പഠന കേന്ദ്രങ്ങളിലും മൃദുലമായും മധുരമായും സംസാരിക്കേണ്ടി വരുന്ന സ്ത്രീകൾ

അല്ലാഹുവിനെ ഭയപ്പെടുക. മരണാനന്തരം തങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അല്ലാഹു (ത) യുടെ മുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. സഹോദരന്മാർ, പിതാക്കന്മാർ, ഭർത്താക്കന്മാർ, പുത്രന്മാർ അവർ യഥാർത്ഥ വിശ്വാസികളാണെങ്കിൽ അല്ലാഹുവിന്റെ ഈ വിധി വിലക്കുകളെ സൂക്ഷിക്കേണ്ടതാണ്. അറിയുക. അല്ലാഹു (ത) അങ്ങേയറ്റം ഒതുക്കമുള്ളവനാണ്. ; ആയതിനാൽ വിശ്വാസികളും തങ്ങളുടെ സ്വഭാവങ്ങളിൽ ഒതുക്കം കാണിക്കേണ്ടതാണ്.

ഇന്ന് ഞാൻ ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. ഞാൻ എന്റെ റബ്ബിനോട്, എന്റെ അല്ലാഹു (ത) യോട് ഹൃദയ രോഗങ്ങൾക്കുള്ള ചികിത്സാ വിധികൾ വിവരിക്കുവാനുള്ള അറിവിനായി ഞാൻ പ്രാർത്ഥിക്കുന്നു. അടുത്ത വെള്ളിയാഴ്ച ഹൃദയ രോഗ ചികിത്സക്കുള്ള യഥാർത്ഥ വഴി വിശദീകരിക്കുവാൻ അല്ലാഹു (ത) എനിക്ക് വഴികാണിച്ചു തരട്ടേ ! ഇൻശാ അല്ലാഹ് !

**മുഹമ്മദ് സാബിർ സാഹിബിനും കുടുംബത്തിനും പ്രത്യേക പ്രാർത്ഥന**

**എന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് മുമ്പ്, കേരളത്തിലെ നമ്മുടെ ഒരു സഹോദരന്റെ അപകടത്തെക്കുറിച്ചുള്ള ഒരു ദുഃഖ വാർത്തകൂടി അറിയിക്കുകയാണ്. മുഹമ്മദ് സാബിർ സാഹിബിനാണ് ഇക്കഴിഞ്ഞ ബുധനാഴ്ച ഈ അപകടം പിണഞ്ഞത്. ഒരു വലിയ ഓപ്പറേഷൻ വേണ്ടി വന്നിരിക്കുകയാണ്. നിർണ്ണായകാവസ്ഥയിലാണ്. ലോകമെമ്പാടുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളോട് അതീവ പരീക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും വേണ്ടി പ്രത്യേകം ദു ആ ചെയ്യുവാൻ അഭ്യർത്ഥിക്കുകയാണ്.**

**അൽഹംദുലില്ലാഹ് ! സാഹചര്യം കഠിനതരമാണെങ്കിലും, പ്രാർത്ഥനയിലൂടെയും സദഖയിലൂടെയും, ഈ സാഹചര്യത്തെ മറികടക്കുവാൻ നമുക്ക് കഴിയുന്നതാണ്. ഇൻശാ അല്ലാഹ് ! അല്ലാഹു (ത) അദ്ദേഹത്തിന് ഒരു വാടക ജീവിതം പ്രദാനം ചെയ്യട്ടെ ! അതിലൂടെ അദ്ദേഹത്തിന് ധൈര്യത്തോടെയും, പ്രതീക്ഷയോടെയും അല്ലാഹുവിലുള്ള വിശ്വാസത്തിലൂടെയും ജീവിക്കുവാൻ സാധിക്കുമാറാകട്ടെ ! ഇൻശാ അല്ലാഹ് ! അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുടുംബാംഗങ്ങൾക്കും, ജമാ അത്തിലെ എല്ലാ അംഗങ്ങൾക്കും ഇത്തരം സാഹചര്യങ്ങളിൽ ഉറച്ചു നിൽക്കുവാനും, ഈ പ്രയാസ സന്ദർഭങ്ങളിൽ അദ്ദേഹത്തിന് ആശ്വാസമേകുവാനും, ക്ഷമയോടെയും അല്ലാഹുവിലുള്ള ഉറച്ച വിശ്വാസത്തോടെയും നിലനിൽക്കുവാനും കഴിയട്ടെ ! അവരുടെ പാതയിലെ എല്ലാ പ്രയാസങ്ങളെയും അല്ലാഹു (ത) നീക്കട്ടെ ! പ്രതിഫലദിനത്തിൽ ഏറ്റവും നല്ല പ്രതിഫലം, അനന്തമായ സ്വർഗ്ഗീയ നന്മ പ്രദാനം ചെയ്യട്ടെ ! ഈ ലോകത്തിലും അല്ലാഹു (ത) അവരുടെ വഴികൾ തുറക്കട്ടെ ! അപ്പോൾ അവർക്ക് യഥാർത്ഥ മുസ്ലീംകളായി ജീവിക്കുവാൻ സാധിക്കുന്നതാണ്. പ്രവാചക പ്രഭു മുഹമ്മദ് (സ) യുടെ കാലത്തിലെ യഥാർത്ഥ ഇസ്ലാമിൽ ജീവിക്കുവാൻ കഴിയട്ടെ ! ദൈവീക കല്പനകൾ അനുസരിച്ച് അവരുടെ ജീവിതത്തിൽ എന്ത് തന്നെ സംഭവിച്ചാലും, അല്ലാഹുവിന്റെ ഇച്ഛയ്ക്കു മുമ്പിൽ കീഴടങ്ങിക്കൊടുക്കുവാനുള്ള കഴിവും പ്രദാനം ചെയ്യട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ അല്ലാഹു അനുഗ്രഹപ്രദമാക്കട്ടെ ! ആമീൻ, സുമ്മ ആമീൻ, യാറബ്ബൽ ആലമീൻ.**

# ***PART - 7***

സലാമിനു ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം വിശുദ്ധ ഖുർ ആനിലെ പത്താം അധ്യായം 58-ാം വചനം ഓതി. അർത്ഥം:- **"ജനങ്ങളെ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയങ്ങളിലുള്ള (എല്ലാ രോഗങ്ങൾക്കും) ശമനൗഷധവും നിങ്ങൾക്ക് വന്ന് കിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗ്ഗ ദർശനവും കാരുണ്യവുമാകുന്നു."** (അത്)

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! ഹൃദയ രോഗങ്ങൾക്കുള്ള ചികിത്സാവിധികൾ വിവരിക്കുവാനുള്ള തൗഫീഖ് എന്റെ റബ്ബ് ഈ വെള്ളിയാഴ്ച എനിക്ക് പ്രദാനം ചെയ്തിരിക്കുകയാണ്. **'ഹൃദയം'** എന്ന വിഷയത്തിന്റെ 7-ാം ഭാഗമാണിത്. ഹൃദയ രോഗങ്ങളുടെ ചികിത്സയും പ്രതിവിധിയും കുടികൊള്ളുന്നത്, പരിശുദ്ധവും പരിപൂർണ്ണവുമായ വിശ്വാസത്തോട് ഖുർ ആൻ അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ്. സൂറ ഫാത്തിഹായ്ക്കുശേഷം ഞാൻ ഓതിയ സൂറ യൂനുസിലെ വചനം നിങ്ങൾ പാരായണം ചെയ്യു

കയും ചിന്തിക്കുകയും ചെയ്യുന്നതായാൽ ഇക്കാര്യങ്ങൾ നിങ്ങൾക്ക് ബോധ്യമാകുന്നതാണ്. ഹൃദയാന്ധതയ്ക്കുള്ള ശമനൗഷധമാണ് വിശുദ്ധ ഖുർ ആൻ. ശാരീരികാസുഖങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിവരമില്ലായ്മ വളരെ വലിയ ഹൃദയ രോഗമാണ് എന്ന് മനസ്സിലാകും. ഹൃദയരോഗങ്ങളുടെ പ്രതിഫലനങ്ങളാണ് ദുഃസ്വഭാവം, തെറ്റായ വിശ്വാസങ്ങൾ, നാശോന്മുഖവും, വിദ്യാവിഹീനവുമായ ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ. വിശുദ്ധ ഖുർ ആൻ ഈ രോഗങ്ങൾക്ക് എല്ലാമുള്ള ശമനൗഷധമാണ്. ഖുർ ആൻ ഉപദേശങ്ങളാലും, കൽപ്പനകളാലും, മുന്നറിയിപ്പുകളാലും, പ്രോത്സാഹനങ്ങളാലും മറ്റും മറ്റും അത് ചികിത്സിക്കുന്നു.

ഹൃദയ രോഗത്തിന്റെ ചികിത്സകനാണ് ഖുർ ആൻ. കപടത, തികച്ചും ഒരു ഹൃദയ രോഗമാണ്. ഹൃദയങ്ങളിൽ ഒന്ന് സൂക്ഷിക്കുകയും, അതിന്റെ വിപരീതമായത് നാവുകൊണ്ട് പറയുകയും ചെയ്യുക എന്നത് ഹൃദയ രോഗങ്ങളിൽപ്പെട്ടതാണ്. ഇത്, യഥാർത്ഥത്തിൽ, കപട വിശ്വാസികളുടെ ലക്ഷണങ്ങളാണ്. അവർ ഹൃദയത്തിൽ ഒന്ന് വെയ്ക്കുകയും നാവുകൊണ്ട് മറ്റൊന്നു പറയുകയും ചെയ്യുന്നവരാണ്.

അവരെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **"അവരുടെ ഹൃദയങ്ങളിലില്ലാത്ത കാര്യങ്ങൾ അവർ തങ്ങളുടെ വായകൊണ്ട് പറയുന്നു."** (3:168)

അല്ലാഹു (ത) ഹസ്രത് മുഹമ്മദ് (സ) നെ താഴെപ്പറയുന്ന വാക്കുകളാൽ ആശ്വസിപ്പിക്കുന്നു. **"ഓ ദൈവദൂതാ! തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതെ, അവരുടെ വായകൾ കൊണ്ട്, 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് പറഞ്ഞവരിൽ നിന്ന് അവിശ്വാസത്തിലേക്ക് ധൃതിപ്പെട്ട് ചെല്ലുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ ! യഹൂദന്മാരിലും ചിലർ കള്ളമായ കാര്യങ്ങൾ വളരെ കേൾക്കുന്നവരാണ്.; നിന്റെ അടുക്കൽ വന്നിട്ടില്ലാത്ത മറ്റൊരു കൂട്ടർക്കുവേണ്ടി അവർ കേൾക്കുന്നവരാണ്. അവർ വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ വയ്ക്കപ്പെട്ട ശേഷം (അവ) തെറ്റിച്ചു കളയുന്നു." ഇത് നിങ്ങൾക്ക് നൽകപ്പെട്ടാൽ അത് സ്വീകരിക്കുക, ഇത് നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ ജാഗ്രതയായിരിക്കുക" എന്ന് അവർ പറയുന്നു. ആരെയെങ്കിലും അല്ലാഹു പരീക്ഷിക്കുന്നതിനുദ്ദേശിച്ചാൽ, അല്ലാഹുവിന്നെതിരിൽ, അയാൾക്കുവേണ്ടി നിനക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല. അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത കൂട്ടരാണവർ. അവർക്ക് ഇഹലോകത്ത് നിന്ദ്യതയുണ്ട്. പരലോകത്ത് അവർക്ക് കടുത്ത ശിക്ഷയുമുണ്ടായിരിക്കും."** (5:42)

കപടവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) മറ്റൊരു സന്ദർഭത്തിൽ പറയുകയുണ്ടായി. **" അവർ അവരുടെ വായകൊണ്ട് താങ്കളെ തൃപ്തിപ്പെടുത്തുന്നു. അവരുടെ ഹൃദയങ്ങൾ അവ നിരാകരിക്കുന്നതാണ്." അവരിൽ അധികംപേരും തെറ്റു ചെയ്യുന്നവർ തന്നെയാണ്. അല്ലാഹു (ത) പറയുന്നു. " തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ അറിയിച്ചുകൊടുക്കുന്ന ഒരധ്യായം അവർക്ക് എതിരിൽ ഇറക്കപ്പെടുന്നതിനെപ്പറ്റി കപടവിശ്വാസികൾ (പരിഹാസമായി) ഭയം നടിക്കുന്നു. പറയുക, നിങ്ങൾ പരിഹസിച്ചുകൊള്ളുക. തീർച്ചയായും നിങ്ങൾ ഭയം നടിക്കുന്നതിനെ അല്ലാഹു പുറത്തുകൊണ്ടു വരുന്നവനാണ്."** (9:64)

**" അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് നൽകിയാൽ തീർച്ചയായും തങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുമെന്നും, തങ്ങൾ സദ്‌വൃത്തരിൽ ഉൾപ്പെട്ടവരാകുമെന്നും അല്ലാഹുവിനോട് കരാർ ചെയ്ത ചിലരും അവരിൽ (കപട വിശ്വാസികളിൽ) ഉണ്ട്. അങ്ങനെ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ധനം നൽകിയപ്പോൾ അവർ അത് കൊണ്ട് ലുബ്ധ് കാണിക്കുകയും അവഗണിച്ചുകൊണ്ട് പിൻതിരിയുകയും ചെയ്തു. അതിനാൽ, അല്ലാഹുവിനോട് അവർ ചെയ്ത വാഗ്ദാനം ലംഘിക്കുകയും അവർ കളവ് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ അവർ അല്ലാഹുവിനെ കണ്ടുമുട്ടുന്ന നാൾവരേക്കും അവരുടെ ഹൃദയങ്ങളിൽ (നിലനിൽക്കുന്ന) കാപട്യം അവൻ അവർക്ക് പകരമായി കൊടുത്തു."** (9:75–77)

**<u>ഹൃദയത്തിൽ 6 കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു. : ജീവിതം, മരണം, ആരോഗ്യം, രോഗം, നിദ്ര, ഉണർവ്</u>**

1. **ഹൃദയത്തിന്റെ ജീവിതം എന്നത് മാർഗ്ഗദർശനമാണ്.**
2. **ഹൃദയത്തിന്റെ മരണം എന്നത് മാർഗ്ഗദർശനത്തിൽ നിന്നും തെറ്റലാണ്.**
3. **ഹൃദയത്തിന്റെ ആരോഗ്യം എന്നത് വൃത്തിയാകുന്നു.**
4. **ഹൃദയത്തിന്റെ രോഗമാണ്, അല്ലാഹു അല്ലാത്തതിനെ ആശ്രയിക്കുക എന്നത്.**
5. **ഹൃദയത്തിന്റെ ഉണർവ്വാണ് അല്ലാഹുവിനെ സ്മരിക്കുക എന്നത്.**
6. **ഹൃദയത്തിന്റെ നിദ്രയാണ് അല്ലാഹുവിനെ സ്മരിക്കാതിരിക്കുക എന്നത്.**

**ഹൃദയത്തിന്റെ ചികിത്സയ്ക്ക് 5 മരുന്നുകളും പരിമള ലേപനൗഷധങ്ങളുമുണ്ട്. :**

1. ശ്രദ്ധാപൂർവ്വം ഖുർആൻ പാരായണം ചെയ്യുക.
2. ആമാശയം കാലിയാക്കി വയ്ക്കുക.
3. ദൈവാരാധനയ്ക്കായി രാത്രിയിൽ ഉണർന്നിരിക്കുക.
4. നോമ്പ് തുറക്കുമ്പോഴും, ഇടയത്താഴ സമയത്തും കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക.
5. സത്യവാന്മാരെ നിങ്ങളുടെ കൂട്ടുകാരായി സ്വീകരിക്കുക.

വെള്ളിയാഴ്ച പ്രഭാഷണം ഞാൻ ഇന്നിവിടെ അവസാനിപ്പിക്കുകയാണ്. ഞാൻ ദു ആ ചെയ്യുന്നു. **" യാ അല്ലാഹ് ! കപടതയിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ നീ സംരക്ഷിക്കേണമേ !" ആമീൻ.**

ഇതേ വിഷയം അടുത്ത ആഴ്ചയിലും തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) പ്രദാനം ചെയ്യട്ടെ ! ആമീൻ.

# *PART - 8*

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു. ഈ വിഷയത്തിൽ എന്റെ അറിവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന എന്റെ സ്രഷ്ടാവിനോട് എങ്ങനെയാണ് നന്ദിരേഖപ്പെടുത്തേണ്ടതെന്ന് എനിക്കറിയില്ല. അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ഹൃദയരോഗങ്ങൾക്കുള്ള പ്രതിവിധികൾ വിവരിക്കുന്ന എന്റെ പ്രഭാഷണം ഇന്നും തുടരുകയാണ്. പിശാചിന്റെ ആക്രമണത്തിൽ നിന്നും നമ്മുടെ ഹൃദയത്തെ എങ്ങനെ സംരക്ഷിക്കാമെന്ന് നോക്കാം.

**ഹൃദയ സംരക്ഷണം**

ഹൃദയത്തിൽ പിശാച് സംശയങ്ങൾ സൃഷ്ടിക്കുന്നു. ആയതിനാൽ വിശ്വാസികൾ ദൈവ സ്മരണയിൽ മുഴുകി പിശാചിന്റെ ഈ ആക്രമണത്തെ ചെറുക്കേണ്ടതാണ് ആയതിനാൽ വിശ്വാസികൾ സംശയങ്ങൾക്കും, ശ്രദ്ധ പതറിക്കുന്ന സംഗതികൾക്കും ഹൃദയത്തിൽ യാതൊരു സ്ഥാനവും കൊടുക്കരുത്. സംശയങ്ങളും, ശ്രദ്ധ പതറിക്കുന്ന സംഗതികളും പിശാചിന്റെ സംസാരത്തിലൂടെയാണ് വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് കടത്തിവിടുന്നത്.

ഒരു പ്രവാചക വചനത്തിൽ പറയുന്നു **" പിശാച് നിങ്ങളിൽ ഒരാളിന്റെ അടുത്ത് വരികയും, എന്നിട്ട് അവനോട് ചോദിക്കും "നിങ്ങളെ സൃഷ്ടിച്ചതരാണ് ?"** അയാൾ പറയും അല്ലാഹുവാണ് എന്നെ സൃഷ്ടിച്ചത്. അപ്പോൾ പിശാച് ചോദിക്കും അല്ലാഹുവിനെ ആരാണ് സൃഷ്ടിച്ചത് ? അങ്ങനെ ഒരാളിന്റെ ഹൃദയത്തിൽ ഈ ചോദ്യം ഉയരുകയാണെങ്കിൽ അവൻ പറയണം **" അല്ലാഹുവിലും അവന്റെ പ്രവാചകനിലും എനിക്ക് വിശ്വാസമുണ്ട്." അപ്പോൾ ഈ ചിന്ത അവനിൽ നിന്നും അകന്നുപോകുന്നതാണ്."** (മുസ്നദ് അഹ്മദ്)

ദൈവദൂതൻ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു : "ഹൃദയത്തിൽ രണ്ട് കാര്യങ്ങൾ സ്വാധീനം ചെലുത്തുന്നതാണ്.

1. സത്യത്തിന്റെയും നന്മയുടെയും രൂപത്തിൽ മാലാഖമാരുടെ സ്വാധീനം. ഇത് അല്ലാഹു (ത) വിൽ നിന്നുളളതാകുന്നു. ഈ സ്വാധീനത്തിന് ഒരുവൻ അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തേണ്ടതാകുന്നു.

2. നമ്മുടെ ശത്രുവിൽ നിന്നുള്ള സ്വാധീനം, അതിലൂടെ സത്യത്തെ നിരാകരിക്കുവാനും നന്മ നിറഞ്ഞ പ്രവർത്തനങ്ങളെ അവഗണിക്കുവാനും കഴിയുന്നു. ഈ സ്വാധീനം ഒരുവനിൽ പ്രകടമായാൽ അവൻ ശപിക്കപ്പെട്ട പിശാചിൽ നിന്ന്, അല്ലാഹുവിന്റെ സംരക്ഷണം തേടികൊള്ളേണ്ടതാണ്. ഈ പ്രവാചക വചനത്തെ അന്വർത്ഥമാക്കികൊണ്ട് തിരുദൂതർ (സ) വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വചനം ഓതുകയുണ്ടായി. **"പിശാച് നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും, നീചകൃത്യങ്ങൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും**

**ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് തന്റെ പക്കൽ നിന്നുള്ള പാപപൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതയുള്ളവനും, എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു.''** (2:269) (മുസ്നദ് അഹ്മദ്)

**മോക്ഷപ്രാപ്തി എങ്ങനെ നേടാം**

അല്ലാഹുവിന് പുറമേയുള്ള വ്യക്തികളിൽ നിന്നും സാധനങ്ങളിൽ നിന്നും, ഹൃദയ രോഗങ്ങളിൽ നിന്നും, തിന്മകളിൽ നിന്നും മുക്തിനേടി സംശുദ്ധ ഹൃദയവുമായി ഖിയാമത്തു നാളിൽ എത്തിച്ചേരുന്നവരാണ് മോക്ഷപ്രാപ്തിക്ക് അർഹരായി തീരുന്നത്.

ഹസ്രത് ഇബ്രാഹീം (അ) അല്ലാഹു (ത) യുടെ മുമ്പാകെ സമർപ്പിച്ച ദു ആ അല്ലാഹു (ത) നമ്മെ പഠിപ്പിക്കുന്നു. **''മനുഷ്യർ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാളിൽ നീ എന്നെ അപമാനിതനാക്കരുതേ, ധനമോ മക്കളോ പ്രയോജനപ്പെടാത്ത നാളിൽ; പക്ഷെ, സുരക്ഷിത ഹൃദയത്തോടുകൂടി അല്ലാഹുവിന്റെ അടുക്കൽ ചെന്നവർ മാത്രം (രക്ഷ പ്രാപിക്കും)''** (26:88 – 90) അല്ലാഹു (ത) ഹസ്രത് നൂഹ് (അ) നെ പുകഴ്ത്തിയശേഷം ഇപ്രകാരം പറഞ്ഞു. **''ഇബ്രാഹീം അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ഒരാൾ തന്നെയാണ്. അദ്ദേഹം തന്റെ നാഥന്റെ അടുക്കൽ അനുസരണമുള്ള ഒരു ഹൃദയവുമായി ചെന്ന സന്ദർഭം''** (37:84 – 85)

**ഇസ്ലാമിൽ സംശുദ്ധ ഹൃദയം**

ഇസ്ലാമിൽ സംശുദ്ധ ഹൃദയം എന്നു പറയുന്നത് ; ആ ഹൃദയം ശിർക്കിൽ നിന്നും മുക്തമായിരിക്കണം. അതുപോലെ സംശയങ്ങളിൽ നിന്നും, ശ്രദ്ധ പതറിക്കുന്ന സംഗതികളിൽ നിന്നും, വെറുപ്പിൽ നിന്നും, അസൂയയിൽ നിന്നും, ചതി പ്രയോഗത്തിൽ നിന്നും, വഞ്ചനയിൽ നിന്നും മുക്തമായിരിക്കണം. മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി തന്റെ ഹൃദയ സന്തോഷങ്ങൾ ത്യാഗം ചെയ്യുന്ന ഹൃദയമായിരിക്കണം. അത്തരം ഹൃദയം നഫ്സിന്റെ ഇച്ഛകൾക്ക് അടിമയായിരിക്കില്ല.

പ്രവാചക പ്രഭു (സ) പറഞ്ഞു **''ഒരു കടുക് മണിയോളം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല.'' '' ഒരാൾ ചോദിച്ചു ഒരുവന്റെ വസ്ത്രം നന്നായിരിക്കണമെന്ന് അവന് മോഹം ഉണ്ട്. അപ്പോൾ പ്രവാചകർ (സ) പറഞ്ഞു. ''അല്ലാഹു സുന്ദരനാണ്. സൗന്ദര്യത്തെ അവൻ ഇഷ്ടപ്പെടുന്നു. അഹംഭാവം എന്നത് സത്യത്തെ നിരാകരിക്കലാണ്. ; അവജ്ഞാപൂർവ്വം വീക്ഷിക്കലാണ്; മറ്റുള്ളവരെ നിന്ദിക്കലാണ്.''** (മുസ്ലീം)

**നാല് അവയവങ്ങൾ**

നാല് അവയവങ്ങൾ മനുഷ്യ ശരീരത്തിലെ പ്രാഥമിക അവയവങ്ങളാകുന്നു.

**1. കണ്ണുകൾ** :– ആയതിനാൽ നിങ്ങളുടെ കണ്ണുകളിൽ നിയന്ത്രണം ഏർപ്പെടുത്തുക. ഹലാലായ കാര്യങ്ങൾ മാത്രം കാണുക. ഹറാമായ കാര്യങ്ങളിലേക്ക് നിങ്ങളുടെ കണ്ണുകളെ പായിക്കരുത്.

**2. നാവ്**:– നിങ്ങളുടെ നാവിനെ നിയന്ത്രിക്കുക. ഹൃദയത്തിലില്ലാത്ത കാര്യങ്ങൾ നിങ്ങൾ പറയരുത്.

**3. ഹൃദയം**:– ഹൃദയത്തിന് നിയന്ത്രണം ഏർപ്പെടുത്തുക. സഹ പ്രവർത്തകരോട് ശത്രുത, ദ്രോഹചിന്ത, അസൂയ ഇവ അതിൽ ഉണ്ടായിരിക്കരുത്.

**4. മനസ്സ് / മനോരഥം/ ഇച്ഛ** :– ഇച്ഛകളിലും നിയന്ത്രണമുണ്ടാകണം. ചീത്ത കാര്യങ്ങളിൽ ആകൃഷ്ടരാകരുത്. ഈ ഗുണങ്ങൾ നിങ്ങൾ ആർജ്ജിക്കുന്നില്ലെങ്കിൽ നിങ്ങൾ നന്മയിൽ നിന്നും അകറ്റപ്പെടുകയും, അങ്ങേയറ്റം ദൗർഭാഗ്യവനായി തീരുകയും ചെയ്യുന്നതാണ്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു **'' (ആ നാളിൽ) സൂക്ഷ്മത പാലിച്ചവർക്ക് സ്വർഗ്ഗം വിദൂരമല്ലാത്ത നിലയിൽ അടുത്തുകൊണ്ടു വരപ്പെടുന്നതുമാണ്. (അവരോട് പറയപ്പെടും) നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടതാണിത്. (അല്ലാഹുവിലേക്ക്) മടങ്ങുന്നവനും (തന്റെ കർമ്മങ്ങൾ) സൂക്ഷിക്കുന്നവനുമായ ഓരോരുത്തനും (ഉള്ളതാണിത്). അതായത്, രഹസ്യാവസ്ഥയിൽ പരമകാരുണികനായ അല്ലാഹുവിനെ ഭയപ്പെടുകയും (അവനിലേക്ക്) മടങ്ങുന്ന ഹൃദയവുമായി വരികയും ചെയ്യുന്നവന്.''** (50:32 – 34)

**പശ്ചാത്താപഹൃദയം**

നിഷ്കളങ്കതയാൽ നിറയപ്പെടുന്ന ഹൃദയമാണ് പശ്ചാത്താപ ഹൃദയം. അല്ലാഹു (ത) യുടെ കല്പനകളെ തുടർച്ചയായി അനുസരിക്കുന്ന ഹൃദയമാണത്.

സ്വാത്വികരെയും നന്മ നിറഞ്ഞവരേയും പുകഴ്ത്തിക്കൊണ്ട്, അവരുടെ ആത്മാർത്ഥതയും വിനയവും വിവരിച്ചുകൊണ്ട് അല്ലാഹു (ത) അവരുടെ പ്രാർത്ഥനകളെപ്പറ്റി പറയുന്നു. **''(ആ മുതൽ) അവർക്ക് ശേഷം വരുന്നവർക്കുമുള്ളതാണ്. അവർ പറയുന്നു. (പ്രാർത്ഥിക്കുന്നു) ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ! ഞങ്ങൾക്കു മുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും (പൊറു**

**ത്തുകൊടുക്കേണമേ) സത്യ വിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്ക രുതേ. ഞങ്ങളുടെ നാഥാ, തീർച്ചയായും നീ കൃപാലുവും, കരുണാമയനുമാവുന്നു."** (59:11)

ഇഹലോക സ്നേഹ വർജനവും, അതിലെ അലങ്കാര വിരക്തിയും പശ്ചാത്താപത്തിന്റെ അടയാളങ്ങ ളിൽപ്പെടുന്നു. തദ്വാര പരിശുദ്ധവും സുരക്ഷിതവുമായ ഹൃദയത്തിന് ഉടമയായി തീരുന്നു. അല്ലാഹു (ത) നിങ്ങളുടെ ന്യൂനതകളെ നിങ്ങൾക്ക് ബോധ്യപ്പെടുത്തി തരുവാൻ ഉദ്ദേശിക്കുന്നു. അതിലൂടെ നിങ്ങളുടെ ആത്മീയ അവസ്ഥകളെക്കുറിച്ച് നിങ്ങൾക്ക് അവബോധം നൽകുന്നു. നിശാപ്രാർത്ഥനകളുടെ മാധുര്യവും സന്തോഷവും നിങ്ങളിൽ നിന്നും അകറ്റുന്നതിലൂടെയാണത്. ആയതിനാൽ അല്ലാഹുവിന്റെ മുമ്പിൽ നമ്രശിര സ്ക്കരാകുക. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക്, പ്രവേശിക്കുക. അതിലൂടെ പ്രത്യേകമായ ആസ്വാ ദനാനുഭവ അനുഗ്രഹങ്ങൾ അല്ലാഹു (ത) പ്രദാനം ചെയ്യുന്നതാണ്. ഖിയാമത്തിനെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു സത്യദാസന്മാരുടെ ഹൃദയങ്ങൾ ഭയംമൂലം അടിമേൽ മറിഞ്ഞുപോകുന്നതാണ്. **" ഹൃദയങ്ങളും കണ്ണുകളും അടിമേലായി മറിഞ്ഞുപോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു."** (24:38)

ഭയാനതമൂലം, ഭീകരതമൂലം, ബീഭത്സതമൂലം, സംഭ്രമത്താലും, അന്ധാളിപ്പാലും പുനരുത്ഥാന ദിനം (ഖിയാമത്തുദിനം) ഹൃദയമിടിപ്പ് അതിശീഘ്രതയിലാകുകയും കണ്ണുകൾ അന്ധാളിച്ചുപോവുകയും ചെയ്യുന്ന ദിനം !

**" അടുത്തുതന്നെ വരുന്ന ഒരു വിപത്തിന്റെ നാളിനെക്കുറിച്ച് നീ അവർക്ക് മുന്നറിയിപ്പ് നൽകുക. ; ദുഃഖം അമർത്തിപ്പിടിക്കുന്നവരായി ഹൃദയങ്ങൾ തൊണ്ട കുഴിയുടെ അടുത്തെത്തുന്ന സന്ദർഭം. അധർമ്മകാരി കൾക്ക് (അന്ന്) ഒരു മിത്രമോ അനുസരിക്കപ്പെടുന്ന ഒരു ശുപാർശകനോ ഉണ്ടായിരിക്കുകയില്ല"** (40:19)

ഖിയാമത്തിന്, യൗമുൽ ആസിഫ എന്നും പറയുന്നു. യൗമുൽ ആസിഫ എന്നാൽ അടുത്തു തന്നെ സംഭവിക്കുന്ന മഹാവിപത്താകുന്നു. ഈ ദിനത്തിന്റെ ഭീകരതയിൽ മനുഷ്യൻ ഭയത്താലും, അസ്വസ്ഥതയാലും, ബീഭത്സതയാലും ഹൃദയമിടിപ്പ് മുട്ടിപ്പോകുന്നതാണ്. അല്ലാഹു (ത) പറയുന്നു. **" അന്ന് പല ഹൃദയങ്ങളും ഭയന്ന് വിറയ്ക്കുന്നുണ്ടാകും. അവയുടെ കണ്ണുകൾ ഭയനമ്രങ്ങളായിരിക്കും."** (79:9 – 10) ഇത് കൊണ്ട് അർത്ഥ മാക്കുന്നത് ഹൃദയങ്ങൾ ഭയവിഹ്വലങ്ങളായിരിക്കും, അസ്വസ്ഥപൂർണ്ണമായിരിക്കും, എന്തുചെയ്യണമെന്നറിയാത്ത അവസ്ഥയിലായിരിക്കും. ഹസ്രത് ഉമർ (റ) പറഞ്ഞിരിക്കുന്നു. **" ഈ ലോകത്തിന്റെ വലിപ്പത്തിൽ എനിക്കു സ്വർണ്ണമുണ്ടായിരുന്നെങ്കിൽ, ഖിയാമത്തു നാളിന്റെ ഭീകരതയിൽ നിന്നും രക്ഷപ്രാപിക്കുവാൻ ഞാൻ അത് മുഴു വൻ ദാനം ചെയ്യുമായിരുന്നു."**

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ ഈ വിഷയത്തിലുള്ള വെള്ളിയാഴ്ച ഖുത്തുബ ഇന്നിവിടെ ഞാൻ പൂർത്തിയാക്കുകയാണ്. ഇത് വളരെ വിശാലമായ ഒരു വിഷയമാണ്. ഇൻഷാ അല്ലാഹ് ! എന്റെ റബ്ബ് വീണ്ടും പിന്നീട് എനിക്ക് അവസരം നൽകുകയാണെങ്കിൽ ഈ വിഷയം ഇൻശാ അല്ലാഹ് തുടരുന്നതാണ്. നമ്മുടെ ഹൃദയവും അല്ലാഹുമായുള്ള അതിന്റെ ബന്ധവും, നിങ്ങൾക്ക് കൂടുതൽ ഗ്രഹി ക്കുവാനായി, ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുന്നതാണ്. ഇൻശാ അല്ലാഹ് !

നമ്മുടെ രക്ഷിതാവിനോട് ഈ പ്രാർത്ഥനയോടെ ഞാൻ ഇത് അവസാനിപ്പിക്കുകയാണ്.

**"എന്റെ രക്ഷിതാവേ ! നിന്നെ ഭയപ്പെടാത്തവരുടെ കൂട്ടത്തിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ ! നിന്നെ സ്മരിക്കുന്നതിൽ അലസത കാട്ടുന്നവരോടൊപ്പം ഞങ്ങളെ പാർപ്പിക്കരുതേ ! എന്റെ രക്ഷിതാവേ ! കാപട്യത്തിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ രക്ഷിക്കേണമേ ! ഞങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയാകരുതേ ! ഞങ്ങളുടെ നാവുകളെ കളളം പറയുന്നതിൽ നിന്നും സംരക്ഷിക്കേണമേ ! ഞങ്ങളുടെ കണ്ണുകളെ സമാധാന ഭഞ്ജനത്തിൽ നിന്നും സംരക്ഷിക്കേണമേ ! കണ്ണുകളുടെ വഞ്ചനയും ഹൃദയ രഹസ്യ ങ്ങളും അറിയുന്നവൻ നീ മാത്രമാണ്. ! യാ അല്ലാഹ് ! ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനെ ! നിന്റെ ദീനിൽ ഞങ്ങ ളുടെ ഹൃദയങ്ങളെ ഉറപ്പിച്ചു നിർത്തേണമേ !"**

**എന്റെ നാഥാ ! ഞങ്ങളുടെ മേൽ കരുണ ചൊരിയേണമേ ! എല്ലാ മുസ്ലീംകളിലും കരുണ ചൊരിയേ ണമെ ! എന്റെ ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലും കരുണ ചൊരിയേണമെ ! ശത്രുക്കളിൽ നിന്നും നീ ഞങ്ങളെ അകത്തി നിർത്തേണമേ ! പരീക്ഷണങ്ങളിൽ, ദൗർഭാഗ്യങ്ങളിൽ, പ്രയാസങ്ങളിൽ നിന്നും ഞങ്ങളെ അകത്തി നിർത്തേണമേ ! ഇവയിൽ നിന്നും രക്ഷിക്കുവാൻ നിനക്ക് മാത്രമേ കഴിയുകയുള്ളൂ. ഞങ്ങളിൽ നിന്ന് ഇവ അകറ്റി നിർത്തുവാൻ നീയല്ലാതെ മറ്റാരുമില്ല. അവിശ്വാസികൾക്കെതിരിലും അവരുടെ അടവുകൾക്കെതിരിലും ഞങ്ങളെ സഹായിക്കണമേ ! യാ അല്ലാഹ് ! നിന്റെ സുന്ദരമായ ദീനിനെ പരിപൂർണ്ണ സമാധാനത്തോടെയും സന്തോഷ ത്തോടെയും ഞങ്ങളിലൂടെ മടക്കി കൊണ്ട് വരേണമെ ! ആമീൻ.**